# 5

# ക്രിസ്ത്യാനികൾക്കിടയിലെ പരിഗണന

## (1 തിമൊഥെയൊസ് 5:1- 6:2)

*"അവർ [വിധവമാർ] നിരപവാദ്യരായിരിക്കേണ്ടതിനു, നീ ഇതു ആജ്ഞാപിക്ക" (1 തിമൊഥെയൊസ് 5:7).*

ഉപദേഷ്ടാക്കന്മാരുടെയും പ്രാസംഗികരുടെയും ഉത്സാഹത്തോടെയുള്ള സുവിശേഷ പ്രവർത്തനം (1 തിമൊഥെയൊസ് 4), വിശ്വസ്തമായ നേതൃത്വത്തോടൊപ്പം (1 തിമൊഥെയൊസ് 3), സഭയിലേക്കു ധാരാളം ആത്മാക്കളെ നേടിത്തരും എന്നു പൗലൊസ് അറിഞ്ഞിരുന്നു. വളരുന്ന ഇടവകയുടെ അടുത്ത പരീക്ഷണം ദൈവഭവനത്തിനുള്ളിൽ കൂടി വരുന്നവരുടെ യോജിപ്പും അവരുടെ ആവശ്യങ്ങൾ നിറവേറ്റലും നിലനിർത്തുക എന്നതാണ്. യെരുശലേമിൽ സഭ ആരംഭിച്ചപ്പോൾ വാസ്തവത്തിൽ സംഭവിച്ചത് അതാണ്. യോഗ്യതയുള്ള അപ്പൊസ്തലന്മാരുടെ സമർപ്പിക്കപ്പെട്ട പ്രവർത്തനത്താൽ, ശിഷ്യന്മാരുടെ എണ്ണം പെരുകി (പ്രവൃത്തികൾ 2:41, 47; 5:14; 6:1). മാനുഷ ബന്ധം മുറിയുകയും, എങ്ങനെയായാലും, പിറുപിറുപ്പു പ്രത്യക്ഷമാവുകയും ചെയ്തു (പ്രവൃത്തികൾ 2:46, 47; 6:1–5). സുവിശേഷത്തിനു തന്നെയും ഭീഷണി നേരിട്ടു.

അത്തരം ഒരു മാതൃകയുടെ യാഥാർത്ഥ്യവും അപകടവും തിരിച്ചറിഞ്ഞു, പൗലൊസ് ബുദ്ധിപരമായ മാർഗ്ഗനിർദ്ദേശം 1 തിമൊഥെയൊസ് 5:1–6:2 ൽ നല്കി സഹോദരന്മാരെ അന്യോന്യമുള്ള ബന്ധത്തിൽ ഉറപ്പിക്കുന്നു. പ്രായവ്യത്യാസത്തെ അവൻ സ്മരിക്കുകയും (5:1, 2) വിധവമാരുടെ പ്രത്യേക ആവശ്യങ്ങളും അവൻ കാണുകയും ചെയ്യുന്നു (5:3–16). അംഗവും – മേൽവിചാരകന്മാരും തമ്മിലുള്ള ശരിയായ ബന്ധവും അവൻ എടുത്തുകാണിച്ചു (5:17–25), തിമൊഥെയൊസിനോടു അതു സൂക്ഷിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു (5:23). സാമൂഹ്യ പ്രശ്നങ്ങളുമായി ക്രിസ്തീയ തത്വങ്ങളെ തുലനം ചെയ്യുവാൻ അവൻ പിന്നെ നിർദ്ദേശിച്ചു, ഉദാഹരണമായി ദാസൻ – യജമാന ബന്ധങ്ങൾ (6:1, 2).[1]

ഇടവകയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ സുവിശേഷ പരിശ്രമങ്ങളെ ശരീരത്തിൽ കുറച്ചു കാണുമോ എന്നു പൗലൊസ് കണ്ടു. പൗലൊസ് എഴുതിയത് ഇന്നു സഹോദരന്മാർ കേൾക്കുന്നുവെങ്കിൽ അനേക പ്രശ്നങ്ങളെ തടയുവാൻ കഴിയും.

## പാഠം 14: എല്ലാ പ്രായക്കാരോടുമുള്ള പരിഗണന (5:1, 2)

### പരിഗണനക്കു വേണ്ടിയുള്ള അവന്റെ അഭ്യർത്ഥന (വാ. 1, 2)

ദൈവഭവനത്തിൽ ക്രിസ്ത്യാനികൾ അന്യോന്യം പരിഗണിക്കേണ്ട തിന്നു പൗലൊസ് അഭ്യർത്ഥിച്ചുകൊണ്ടു പറയുന്നു, "മൂത്തവനെ ഭത്സി ക്കാതെ അപ്പനെ പോലെയും, ഇളയവരെ സഹോദരന്മാരെ പോലെയും, മൂത്ത സ്ത്രീകളെ അമ്മമാരെ പോലെയും, ഇളയ സ്ത്രീകളെ പൂർണ്ണ നിർമ്മലതയോടെ സഹോദരികളെ പോലെയും, പ്രബോധിപ്പിക്ക, ..." (5:1, 2). യുവാക്കൾക്ക് അമിത പ്രാധാന്യം നൽകുന്നതു പ്രായമായവരോട്[2] ബഹുമാനം കുറയുന്നതിലേക്ക് നയിക്കുന്ന ഇന്നത്തെ ചില സംസ്കാ രങ്ങളിൽ പൗലൊസ് നല്കിയ നിർദ്ദേശങ്ങൾ പ്രത്യേകിച്ചു പ്രസക്തമാ ണ്. പ്രായമായവർ എല്ലായ്പ്പോഴും ശരിയായിരിക്കണമെന്നില്ല, എങ്കിലും അവരെ എപ്പോഴും ബഹുമാനിക്കണം. പൗലൊസ് മുഖേന നല്കുന്ന പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്ഥലങ്ങളിലേയും എല്ലാ ആളുകൾക്കും പ്രായോഗികമാക്കാവുന്നതാണ്.

പ്രായമായവർ തെറ്റു ചെയ്തേക്കാമെന്നതു മുൻകൂട്ടി കണ്ടുകൊ ണ്ടാണ്, പൗലൊസ് ആരും "പ്രായമായ ഒരാളെ ഭത്സിക്കരുത്"[3] എന്നു അപേക്ഷിച്ചത്. പ്രായമായ സഹോദരന്മാർക്കു തെറ്റു സംഭവിക്കയില്ലെ ങ്കിൽ, പൗലൊസ് അവിടെ ഭത്സിക്കുക എന്ന ആശയമേ ചെലുത്തുക യില്ലായിരുന്നു. എങ്ങനെയായാലും, തെറ്റു ചെയ്താൽ പോലും, ഒരു യുവാവ് പ്രായമായ ആളെ ശാസിക്കയോ വാക്കുകളാൽ "ശകാരിക്ക" യോ ചെയ്യാൻ പാടില്ല, എന്ന് സ്പഷ്ടം. തെറ്റു ചെയ്ത ഒരാളെ ശകാരി ക്കുന്നതിനുപകരം, പൗലൊസ് പറഞ്ഞത് അവനെ ഗുണദോഷിക്കയോ, "അപ്പനെ പോലെ അവനോടു അപേക്ഷിക്കയോ[4]" വേണം എന്നാണ്.

യുവാക്കൾ പ്രായമായവരോടു ഒരു അപ്പനോടു എന്ന പോലെ പ്രതി കരിച്ചാൽ, ദൈവം - നല്കിയ ആ കുടുംബബന്ധം സമൂഹത്തിൽ ആത്മാ ക്കളെ കണ്ടെത്തുവാൻ[5] ഉപകരിക്കും. ഇളയവർ മറ്റുള്ള ഇളയവരോടു സഹോദര തുല്യമായി പെരുമാറിയാൽ, അവർ ഒരുമിച്ചു പ്രബലമായ ഒരു ശക്തിയായിത്തീരും.

എതിർലിംഗവുമായി[6] ഇടപെടുന്ന ഒരു യുവാവായ മനുഷ്യന്റെ (പ്രത്യേകിച്ചു യുവസുവിശേഷകന്റെ) ജീവിതത്തിൽ ഈ ബന്ധങ്ങൾ വളരെയധികം ലോലമായിരിക്കും.

> പാപത്തെ സംബന്ധിച്ച് രഹസ്യമായി ... ഗുണദോഷിക്കുന്ന തിൽ നിന്നു ഇടവകയിലെ സ്ത്രീകളെ ഒഴിവാക്കരുത്. ഈ പ്രവൃത്തി ചിലപ്പോൾ മൃദുലമായി തോന്നാമെങ്കിലും, അത് ഒഴി വാക്കരുത്. എന്നാൽ തിമൊഥെയൊസ് പ്രായ (മായ) സ്ത്രീകളെ പ്രബോധിപ്പിക്കുമ്പോൾ, നല്ല സ്നേഹവാനായ മുതിർന്ന മകൻ തെറ്റിപോയ അമ്മയെ എങ്ങനെ കൈകാര്യം ചെയ്യുന്നുവോ അതേ പോലെ അവരെ കൈകാര്യം ചെയ്യണം! ഒരാൾക്ക് തന്റെ സ്വന്തം

> അമ്മയെ തിരുത്തുവാൻ കൂടുതൽ താഴ്മയോടെ ആത്മാർത്ഥമായി ഹൃദയത്തെ പരിശോധിച്ചു കൃപയുടെ സിംഹാസനത്തിൽ, ജ്ഞാന ത്തോടു കൂടെ തീർച്ചയായും യുദ്ധം ചെയ്യേണ്ടി വരും! ആ മനോ ഭാവത്തിലായിരിക്കണം തെറ്റിപോയ[7] പ്രായ (മായ) സ്ത്രീകളെ പ്രബോധിപ്പിക്കേണ്ടതിന് തിമൊഥെയൊസ് മുൻപോട്ടു പോകേ ണ്ടത്.

തങ്ങളുടെ സേവനം സംശയത്തിനതീതമാകേണ്ടതിന് പൗലൊസ് തിമൊ ഥെയൊസിനു നല്കിയ എല്ലാ പ്രബോധനവും യുവ സുവിശേഷകന്മാർ ശ്രദ്ധിക്കണം. ഉപദേഷ്ടാക്കന്മാർ യുവതികളുമായി ഇടപെടുമ്പോൾ ഇത് പ്രത്യേകിച്ചു ആവശ്യമാണ്.

### വിശുദ്ധിക്കു വേണ്ടിയുള്ള അവന്റെ ആഹ്വാനം (വാ. 2)

തിമൊഥെയൊസിന്റെ ശ്രമങ്ങൾ "എല്ലാ നിർമ്മലതയോടും കൂടെ"[8] ആയിരിക്കണമെന്നു പൗലൊസ് ആവശ്യപ്പെട്ടു (5:2). ഒരു യുവ സുവി ശേഷകന്റെ പ്രവർത്തന സ്വഭാവം തന്നെ (പ്രത്യേകിച്ചു ഇന്ന് "യൗവ്വന ശുശ്രൂഷ" എന്നറിയപ്പെടുന്ന കാര്യത്തിൽ) തന്റെ നടപ്പിനെ കുറിച്ചോ, തന്റെ ശുശ്രൂഷയെ കുറിച്ചോ, അല്ലെങ്കിൽ അവന്റെ ധാർമ്മികവും സാമൂ ഹ്യവുമായ ജീവിതത്തെ[9] കുറിച്ചോ ഒരു തെറ്റു പറയാൻ അനുവദിക്കാതെ വളരെ ദൂരം മുന്നോട്ടു പോകുവാൻ തയ്യാറുള്ള ഒരു മനസ്സിനുവേണ്ടി അവൻ ആഹ്വാനം ചെയ്യുന്നു.

കൂടാതെ വേറൊരു മുന്നറിയിപ്പു ഓർമ്മിക്കേണ്ടതു എന്തെന്നാൽ ഒരു ബലഹീനതയെ അതിജീവിക്കുവാൻ മറ്റൊരാളുമൊത്ത് പ്രവർത്തി മ്പോൾ (ഏതു പ്രായത്തിലുള്ളവൻ ആയാലും) തെറ്റു തിരുത്തൽ ചില സാഹചര്യത്തിൽ തെറ്റിലേക്ക് നയിക്കപ്പെടാറുണ്ട്. ഗലാത്യർ 6:1 പറയു ന്നതു, "സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ, ആത്മികരായ നിങ്ങൾ, അങ്ങനെയുള്ളവനെ സൗമ്യത യുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ, സൂക്ഷിച്ചുകൊൾവിൻ." അതുകൊണ്ടു, പൗലൊസ്, തിമൊഥെയൊസിനോടു നിർമ്മലവും, പാപരഹിതവുമായി ഓട്ടം തിക ക്കുവാനാണ് പറഞ്ഞത്.

## പാഠം 15: വിധവമാർക്കു വേണ്ട പരിഗണന (5:3-16)

സഭയിലെ വിധവമാർ തീർച്ചയായും "ബഹുമാനത്തിനു"[10] യോഗ്യ രാണ് (5:3). സഭയുടെ പ്രവർത്തനങ്ങളിൽ വിധവമാരെ എളുപ്പത്തിൽ അവഗണിച്ചേക്കാം. അവർക്ക് സഹായിക്കുവാൻ കഴിയുകയില്ല എന്നു നാം ധരിച്ചേക്കാം, അല്ലെങ്കിൽ, "അവരെ ശല്യപ്പെടുത്തേണ്ട" എന്നു നാം കരുതും. വാസ്തവത്തിൽ, അവർക്കാണ് - അവരുടെ ഏകാന്തതയിൽ - സേവിക്കുവാനുള്ള താല്പര്യമുള്ളതും ഉപകാരപ്രദമായി സേവിക്കു വാൻ കഴിയുന്നതും.

**വിധവയെ ആരാണ് സഹായിക്കേണ്ടത്? (വാ. 4, 16)**

വിധവമാരോടു പ്രഥമ താല്പര്യവും വിചാരവും ഉണ്ടാകേണ്ടത് ഏറ്റവും അടുത്ത ബന്ധുക്കളിൽ നിന്നുമാണ് - അതായത് മക്കളിൽ നിന്നും കൊച്ചു മക്കളിൽ നിന്നും (5:4). ഒരു വിധവയോട് അവളുടെ മക്കളും കൊച്ചു മക്കളും കാണിക്കുന്ന ബഹുമാനിക്കയും ആദരിക്കയും ചെയ്യുന്ന രീതി നമ്മുടെ സ്വർഗ്ഗീയ പിതാവു ആദരിക്കത്തക്ക യോഗ്യതക്കു തുല്യമാണ്. "ഭക്തി പരിശീലിക്കേണ്ട"[11] വിധവയുള്ള ബന്ധുക്കളോടുള്ള നമ്മുടെ സമീപനം.

ചില *ചെലവാക്കൽ* ഉൾപ്പെടുന്നതാണ് ശരിയായ *മനോഭാവം*. പ്രിയപ്പെട്ടവർ "തങ്ങളുടെ രക്ഷകർത്താക്കൾക്ക് പകരം[12] കൊടുക്കേണ്ടവരാണ്." ആ തിരിച്ചു നല്കലിൽ രക്ഷകർത്താക്കളോടുള്ള നമ്മുടെ പ്രവൃത്തികളും മനോഭാവവും ഉൾപ്പെടുന്നു. നമ്മുടെ രക്ഷകർത്താക്കളോടു മൂന്നു വിധത്തിൽ ആദരവു പ്രകടിപ്പിക്കാമെന്നു വില്യം ബാർക്ക്ളേ പറഞ്ഞു:

> ... ആദ്യത്തേതും വലുതും പഴയതുമായ കടങ്ങൾ നാം കൊടുത്തു തീർക്കണം എന്നു പറയുമ്പോൾ, പരിഗണിക്കേണ്ടതു ജനിപ്പിച്ചു വളർത്തിയ രക്ഷകർത്താക്കളോടാണ്, അവരോടു അവൻ എല്ലാ ശുശ്രൂഷയും ചെയ്യേണ്ടതാണ്; ആദ്യം, തന്റെ സമ്പത്തുകൊണ്ട്; രണ്ടാമതു, വ്യക്തിപരമായി; മൂന്നാമതായി, അവന്റെ ആത്മാവിൽ; അവർ ശൈശവ പ്രായത്തിൽ സംരക്ഷിച്ചതിനുള്ള കടം, അവന് ഇപ്പോൾ തിരിച്ചു നല്കാൻ കഴിയുന്നത്, അവർ പ്രായമാകുമ്പോൾ അവരുടെ വൈഷമ്യത്തിൽ ആവശ്യമുള്ളതെല്ലാം[13] ശ്രദ്ധയോടെ ചെയ്തു കൊടുക്കുമ്പോഴാണ്.

ചെലവാക്കലിനെ കുറിച്ചുള്ള അഭിപ്രായത്തിന്റെ *ഉറവിടം* സുപ്രധാനമാണ്: "അതു ദൈവമുൻപാകെ സ്വീകാര്യമായതാണ്." മറിച്ചുള്ള പ്രവൃത്തി ദൈവം സ്വീകരിക്കുന്നില്ല എന്നതാണ് സൂചന. എല്ലായ്പ്പോഴും ദൈവം വിധവമാർക്കു പ്രത്യേക അനുഗ്രഹങ്ങൾ നല്കുന്നുണ്ട് - പഴയ നിയമത്തിലും പുതിയ നിയമത്തിലുമുണ്ട്.[14] കൃപയോടും കരുതലോടും കൂടിയതായിരിക്കണം വിധവമാരോടുള്ള ബൈബിൾ സംബന്ധമായ പെരുമാറ്റം.

> ഏറ്റവും വിശുദ്ധമായ കടമ പോലും സംസ്ഥാനത്തിനു വിട്ടു കൊടുക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്, അനേക കാര്യങ്ങളിലും, രഹസ്യമായ ദൈവഭക്തിയിൽ ചെയ്യേണ്ടതു പോലും പൊതുവായ ധർമ്മത്തിൽ ചെയ്യുവാൻ നാം പ്രതീക്ഷിക്കുമ്പോൾ. ... രക്ഷകർത്താവിനെ സഹായിക്കുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്നാമത്, അതു ലഭിക്കുന്ന ആളോടുള്ള ആദരവാണ്. ഒരു മകനോ മകൾക്കോ തന്റെ ഹൃദയത്തിലുള്ള ആദരവും മതിപ്പും പ്രകടിപ്പിക്കുവാനുള്ള ഏക വഴി അതാണ്. രണ്ടാമതു, സ്നേഹാവകാശത്തിന്റെ പ്രവേശനമാണ്. അത് സ്നേഹത്താൽ കൊടുത്തു തീർക്കുന്ന സ്നേഹാദ

രവാണ്. അതു ആവശ്യമുള്ള സമയത്തു ലഭിച്ച സ്നേഹത്തെ ആവശ്യമുള്ള സമയത്തു തിരിച്ചു കൊടുത്തു തീർക്കുന്നതാണ്; സ്നേഹം കൊണ്ടു മാത്രമേ സ്നേഹത്തിന് തിരിച്ചു കൊടുക്കുവാൻ കഴിയൂ.[15]

നാം 1 യോഹന്നാൻ 4:8–ൽ വായിക്കുന്നു, "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ" (കൂടാതെ നോക്കുക വാ. 19–21). തീർച്ചയായും, നാം ഇപ്പോഴത്തെ സാമൂഹ്യ നിലവാരപ്രകാരമോ സമൂഹത്തിന്റെ വ്യത്യസ്ത നിലപാടോടു കൂടിയോ ആയിട്ടല്ല പോകേണ്ടതു, ദൈവനിലവാരപ്രകാരമത്രേ!

"വാസ്തവത്തിലുള്ള വിധവമാർ" ആരാണെന്നു പൗലൊസ് പറഞ്ഞിട്ടുണ്ട്. അത്തരം സ്ത്രീകൾ മക്കളെ കൂടാതെ, ഏകാന്തരായിരിക്കും. അവർക്കു കുടുംബത്തിൽ നിന്നു ഉറ്റബന്ധുക്കളായി അവരെ സഹായിക്കുവാൻ ആരുമുണ്ടാവില്ല. അത്തരം സന്ദർഭത്തിൽ, സഭയോ താല്പര്യമുള്ള സഹോദരന്മാരോ അവരുടെ സഹായത്തിനെത്തണം.

മറ്റൊരു രീതിയിൽ വിധവമാരെ കരുതുന്നതിനെ കുറിച്ചു പൗലൊസ് പറഞ്ഞിരിക്കുന്നു – ഒരു വ്യക്തിയാൽ ചെയ്യാവുന്നതു, പ്രത്യേകിച്ചു ഏതെങ്കിലും കഴിവുള്ള സ്ത്രീകൾക്കു ചെയ്യാവുന്നതാണ് (5:16). അങ്ങനെ ചെയ്താൽ അത് സഭയ്ക്കു "ഭാരമുള്ളത് ആയി" തീരുകയില്ല. ചിലർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയോ അനാവശ്യമായ ആവശ്യങ്ങൾ ഉന്നയിക്കുകയോ ചെയ്യുന്നതിനാൽ സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും സഭയ്ക്കു നിരാശയുണ്ടാവുകയും ചെയ്യുന്നതാണ് ഇവിടെ പറയുന്നത്. 2 തെസലൊനിക്യർ 3:7–10 ലുള്ള നമ്മുടെ ക്രിസ്തീയ മനോഭാവത്തെ സംബന്ധിച്ചും പൗലൊസ് ഇതു തന്നെ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ കാലത്തു ആത്മാക്കൾ പ്രവർത്തിക്കാതെ "സഭയിൽ നിന്നു വിട്ടു ജീവിക്കുന്നത്" ദുഃഖകരമാണ്.

### വിധവമാർ എന്തു ചെയ്യണം? (വാ. 5)

പ്രായമായവരുടെ സാഹചര്യങ്ങൾക്കനുസരിച്ചു അവരെ സഹായിക്കുന്നതിനുള്ള വലിയ പാഠങ്ങൾ നല്കുന്നതാണ് പൗലൊസിന്റെ വാക്കുകൾ. ഒരു വിധവയെ "തനിച്ചു വിട്ടാൽ,"[16] അവൾ "ദൈവത്തിൽ" പ്രത്യാശ വെച്ചു ജീവിക്കണം (നോക്കുക പ്രവൃത്തികൾ 20:32; കൊലൊസ്യർ 3:1–4; 1 പത്രൊസ് 5:6, 7) അഭയ യാചനയാലും പ്രാർത്ഥനയാലും ദൈവത്തിന്റെ പര്യാപ്തതയിൽ ആശ്രയിക്കയും വേണം (നോക്കുക 2:1). അവൾക്ക് എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ, അവൾ അതു ദൈവത്തിൽ ഏല്പിക്കണം. ഇതു അവൾ "പകലും രാത്രിയും" ചെയ്യേണ്ടതാണ്. അവളുടെ സാഹചര്യം അനുസരിച്ചു അവൾക്കു അധികം ആളുകളുമായി ബന്ധപ്പെടുവാൻ സാധിക്കാത്തതുകൊണ്ട്, ദൈവവുമായി അവൾക്ക് കൂടുതൽ സമയം ചെലവഴിക്കാം.

### വിധവമാർ ചെയ്യരുതാത്തത് എന്ത്? (വാ. 6, 7)

അനിയന്ത്രിതമായ ഇച്ഛകളിലേക്ക്[17] തിരിയുന്നതിനാൽ "ജീവിതം

നഷ്ടമാക്കുന്ന" ആവേശകരമായ പ്രേരണകൾ ഒരു വിധവ ഒഴിവാക്കണം (5:6). ഒരു വിധവയുടെ ജീവിതം എങ്ങനെ ആഗ്രഹത്തിന്റെ ഒരു ജ്വാലയായി തീർക്കാം എന്നറിയുവാൻ ഒരു വ്യക്തി ജീവിക്കുവാൻ ദിവസേന കഷ്ടപ്പെടുകയും, ഏകാന്തത അനുഭവിക്കയും, ആഹാരം പോലും ഉപേക്ഷിക്കയും വേണ്ടി വന്നേക്കാം. നൈമിഷിക സുഖഭോഗത്തിനോ ആഡംബരത്തിനോ (മറ്റുള്ളവർ ആസ്വദിക്കുന്നതു പോലെ) വേണ്ടിയുള്ള അത്തരം ആഗ്രഹം ധാർമ്മികവും ആത്മികവുമായ അതിർ വരമ്പു ലംഘിക്കും. ഒരാൾ വശീകരണത്തിനു വിധേയനാകാൻ ശ്രമിക്കും അല്ലെങ്കിൽ ഏകാന്തമായ ആഗ്രഹങ്ങളെ പല വിധത്തിൽ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കും. ആ വഴികളെ എല്ലാം സംക്ഷിപ്തമായി പൗലൊസ് "അവൾ തന്നെ സുഖഭോഗത്തിനു ഏല്പിക്കും" എന്ന പദപ്രയോഗത്തിൽ വ്യക്തമാക്കുന്നു. ഇത്തരം ചിന്തയോടു സമാനമായ ഒന്ന് സങ്കീർത്തനങ്ങൾ 73:2–28 അവതരിപ്പിക്കുന്നുണ്ട്. വാക്യം 17–ൽ പൗലൊസ് വിധവമാരോടു പറഞ്ഞതിന്റെ സാദൃശം ഒരു വഴിത്തിരിവായി നമുക്കു കാണാം. ജീവിതത്തിന്റെ മൊത്തത്തിലുള്ള ഒരു പുതിയ കാഴ്ച്ചപ്പാടും ദുഃഖത്തിനു പകരം സംതൃപ്താവസ്ഥ കൈവരിക്കാവുന്ന ബുദ്ധിപരമായ നീക്കവും അവൻ നല്കുന്നുണ്ട്.

തന്നെത്താൻ സുഖഭോഗത്തിനു ഏല്പിക്കപ്പെട്ട വിധവക്കു അവളുടെ പരീക്ഷണങ്ങൾക്ക് പരിഹാരമോ അല്ലെങ്കിൽ ദുഃഖത്തിൽ നിന്ന് ആശ്വാസമോ ലഭിക്കുകയില്ല എന്നു പൗലൊസ് ഉറപ്പിച്ചു പറയുന്നു. മറിച്ചു, അച്ചടക്കമില്ലാത്ത സുഖഭോഗത്തിൽ ഏർപ്പെട്ട്, പാപഭോഗത്തിലാകുന്നതിനാൽ ജീവിച്ചിരിക്കുമ്പോൾ തന്നെ അവൾ മരണത്തിലേക്കു നീങ്ങുന്നു.

പല പ്രായക്കാരോടും വിധവമാരോടുമുള്ള പൗലൊസിന്റെ വാക്കുകൾ തിരഞ്ഞെടുക്കാവുന്നതല്ല; കാരണം അവ "കല്പനകളാണ്" (ഏഎസ്‌വി). സഹോദരന്മാരോടു ഈ ഉപദേശങ്ങൾ "കല്പിക്ക" എന്നാണ് പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത്. അനുസരിക്കുന്നതിന്റെ നല്ല ഫലം വ്യക്തമാണ്; അനുസരിക്കുന്ന എല്ലാവരും "നിരപവാദ്യരായിരിക്കും" (ഗ്രീക്ക്.: *അനെപിലെപ്റ്റോസ്*; 5:7).

### ഉപേക്ഷയെ കുറിച്ചുള്ള ഒരു മുന്നറിയിപ്പ് (വാ. 8)

ഉപേക്ഷിക്കുന്നതിന്റെ ഗൗരവത്തെ കുറിച്ചാണ് പൗലൊസ് പിന്നെ മുന്നറിയിക്കുന്നത്: "തനിക്കുള്ളവർക്കും, പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ, വിശ്വാസം തള്ളിക്കളഞ്ഞു, അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു" (5:8).

വീട്ടു കാര്യങ്ങളിൽ ഉപേക്ഷ വിചാരിക്കുന്നതിന്റെ ആപത്ത് സങ്കീർണ്ണമാണ് കാരണം അതു മറ്റു സാമൂഹ്യവും സ്ഥാപനപരവുമായ മേഖലകളിൽ ഉപേക്ഷ വിചാരിക്കുവാനുള്ള അവസരം ഒരുക്കുകയാണ്. ഒരാളുടെ സ്വന്ത കുടുംബത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതിൽ പരാജയപ്പെട്ടാൽ (അത് ധാർമ്മികമോ, ആത്മികമോ അല്ലെങ്കിൽ ഭൗതികമോ ആയാലും) അതു വിശ്വാസം ത്യജിക്കുവാനിടയാക്കും. "വിശ്വാസം ത്യജിച്ച" എന്ന പ്രയോഗം ഇവിടെയും വെളിപ്പാട് 2:13–ലും മാത്രമാണു

ള്ളത് എന്ന് മാർവിൻ ആർ. വിൻസെന്റ് പറഞ്ഞു. അയാൾ ഈ ചിന്തയും കൂടെ നല്കി: “വിശ്വാസം പ്രവൃത്തികളും ഫലങ്ങളും ആവശ്യപ്പെടുന്നു.” ക്രിസ്തീയ വിശ്വാസത്തിൽ അന്തർലീനമായിരിക്കുന്ന സ്വാഭാവിക കടമകൾ നിരസിക്കുന്നതിനാൽ, ഒരാൾ പ്രായോഗികമായി തന്റെ വിശ്വാസ നേട്ടം തള്ളിക്കളയുകയാണ്. “സ്വാഭാവിക കടമകളെ വിശ്വാസം ഒഴിവാക്കുന്നില്ല, എന്നാൽ അവ തികക്കുകയും ശക്തിപ്പെടുത്തുകയുമാണ് ചെയ്യുന്നത്” (ബെഞ്ചെൽ).[18] വിൻസെന്റ് സൂചിപ്പിച്ചത് യാക്കൊബ് 2:14-17 നെ ആണ്: “സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറകയും, പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ, ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ... അങ്ങനെ വിശ്വാസവും, പ്രവൃത്തികളില്ലാതായാൽ, സ്വതവേ, നിർജ്ജീവമാകുന്നു.” (കൂടാതെ ശ്രദ്ധിക്കുക മർക്കൊസ് 7:10-13.) അനുസരിക്കുന്ന വിശ്വാസമാണ് ബൈബിൾ പരമായ വിശ്വാസം.

അധഃപതിച്ച അത്തരം നടപ്പിന്റെ *അളവു* പൗലൊസ് വിവരിക്കുന്നുണ്ട്: തന്റെ കുടുംബത്തെ അവഗണിക്കുന്നവൻ അവിശ്വാസിയേക്കാൾ അധമനാണ്, കാരണം അവിശ്വാസി ക്രിസ്തുവിനെ അനുഗമിക്കുന്നു എന്നു നടിക്കാതെ അവന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നുണ്ട്. *എല്ലാവർക്കും* വേണ്ടി തന്റെ ജീവനെ നല്കിയവന്റെ കാൽപാടുകളെയാണ് ക്രിസ്ത്യാനി പിൻപറ്റേണ്ടത് - അവന്റെ ശത്രുക്കൾക്കു വേണ്ടി പോലും (2 കൊരിന്ത്യർ 5:14, 15; 1 പത്രൊസ് 2:21-24).

### സഭയാലുള്ള വിധവമാരെ കരുതൽ (വാ. 9, 10)

എപ്പോഴാണ് “അവളെ *ലിസ്റ്റിൽ* ഉൾപ്പെടുത്തേണ്ടതു”[19] എന്ന് സഭ അറിയേണ്ടതിന് പൗലൊസ് “വാസ്തവത്തിലുള്ള വിധവമാർ” (5:3, 4, 16) ആരെന്നു തിരിച്ചറിയിച്ചിരിക്കുന്നു (5:9; എംഫസിസ് മൈൻ). രാജ്യത്തെ സേവിക്കുവാൻ, തക്കവണ്ണം യോഗ്യരാകുന്ന, പടയാളികൾക്ക് സാധാരണമായ ഒരു വാക്കാണ് പൗലൊസ് ഉപയോഗിച്ചത്. പൗലൊസ് ആ പദം പ്രയോഗിച്ചത്, വിൻസെന്റ് നിരീക്ഷിച്ചതുപോലെ, സഭയുടെ പിൻതുണ[20] ലഭിക്കേണ്ട വിധവമാരോടാണ് എന്നു തോന്നുന്നു. വിധവകളെ കരുതുന്നതായിരുന്നു സഭയുടെ ആദ്യത്തെ ആവശ്യം (പ്രവൃത്തികൾ 6:1-3).

തിരഞ്ഞെടുക്കാവുന്ന വിധവ തികച്ചും സ്ത്രീയായിരിക്കും! യോഗ്യതയുള്ള വിധവക്കു ഒരിക്കൽ നല്ല വിവാഹ ജീവിതം ഉണ്ടായിരുന്നു; എന്നാൽ ഇപ്പോൾ അവൾ ഏകയാണ്, അവളുടെ പ്രായം സ്വയം കരുതലിന്റെ അവളുടെ കഴിവിനെ പരിമിതപ്പെടുത്തുന്നു (5:9). എല്ലാത്തിലുമുപരി, തേജസ്സും മാനവും ലഭിക്കത്തക്ക പൂർവ്വകാല സേവനം ഉള്ളവളെയാണ് സഭ തിരഞ്ഞെടുത്തു സഹായിക്കേണ്ടത് (5:10).[21]

അവൾ മക്കളെ വളർത്തി, വീട്ടിൽ സേവനം നടത്തിയിരുന്നു. അവൾ “അതിഥി സല്ക്കാരവും നടത്തിയിരുന്നു” (എബ്രായർ 13:2; 1 പത്രൊസ് 4:9), സമൂഹത്തെ സേവിക്കയും ചെയ്തിരുന്നു. അവൾ “വിശുദ്ധന്മാരുടെ കാൽ കഴുകുകയും” (അതൊരു സൽപ്രവൃത്തിയായിട്ടാണ്, അല്ലാതെ സഭയുടെ നിയമാവലിയായിട്ടല്ല, യോഹന്നാൻ 13:3-15 അനുസരിച്ചു), എളിമയോടെ സേവിച്ചിരുന്നു. പീഡിതരെ അവൾ ആശ്വസി

പ്പിച്ചതു (മത്തായി 25:36), സഹതാപത്തോടെ ശുശ്രൂഷിച്ചു കൊണ്ടാണ്. തീർച്ചയായും, അവൾക്ക് നല്ല പ്രവൃത്തികൾ ചെയ്തതുകൊണ്ടുള്ള ബഹുമതിയുണ്ട്. "അവൾ സകല സൽപ്രവൃത്തിയിലും തന്നെ സമർപ്പണം[22] ചെയ്തു പോന്നു." അത്തരം സഹോദരി എവിടെ ശുശ്രൂഷ ചെയ്താലും സഭയുടെ നന്മക്ക് മനോഹര സ്വാധീനം തന്നെയായിരിക്കും നൽകുന്നത്.

### തെറ്റിപോകയും പരാജയപ്പെടുകയും ചെയ്യുന്ന യുവതിയായ ഒരു വിധവ (വാ. 11-13)

ആവേശകരമായ പാപം ഒഴിവാക്കുവാൻ യുവതികളായ വിധവമാരോടു പൗലൊസ് അഭ്യർത്ഥിക്കുന്നതിൽ മാനുഷ ബലഹീനതയിലേക്കുള്ള പരിശുദ്ധാത്മാവിന്റെ ആഴത്തിലുള്ള ഉൾക്കാഴ്ച്ച കാണാവുന്നതാണ്. ക്രിസ്തുവിനെയും സാമാന്യബുദ്ധിയേയും കൈവിടുവാനല്ല അവൻ വിധവമാരോടു പറഞ്ഞത്.

ഒരു പങ്കാളി പെട്ടെന്നു തന്റെ ഭവനത്തിൽ നിന്നു നഷ്ടമാകുമ്പോൾ ക്രിസ്തുവിലായ ഒരു സഹോദരി അതിനെ എങ്ങനെ പ്രതികരിക്കുമെന്നുള്ള അവലോകനം ഇതാ. ഏറ്റവും കൂടുതൽ "സഹായം" ആവശ്യമുള്ളപ്പോൾ അവളുടെ ഏറ്റവും അടുത്ത കൂട്ട് നഷ്ടപ്പെടുകയും അവൾ പരീക്ഷാവേള നേരിടുകയും ചെയ്യുന്നു.

1. അവളുടെ നഷ്ടം അവളിൽ ക്രിസ്തുവിനോടു സംശയം ഉണർത്തുകയോ അവജ്ഞയുണ്ടാക്കുകയോ ചെയ്യും.
2. പുരുഷന്മാരോടു അടുക്കുവാൻ അവൾ വെമ്പൽ കൊണ്ടേക്കാം.
3. അവൾക്ക് ഉണ്ടായ നിരുത്സാഹചിന്ത നിമിത്തം അവളിൽ ഭയമോ അപരാധമോ ഉണ്ടായേക്കാം (അത് അവളെ ദൈവത്തിൽ നിന്ന് ഒളിക്കുവാൻ പ്രേരിപ്പിച്ചേക്കാം – ഉല്പത്തി 3:8).
4. മാനസികവും ശാരീരികവുമായ ക്ഷീണത്തിനിടയിൽ, അവൾ ഏകയായി തീർന്നേക്കാം.
5. സഹോദരങ്ങൾ "നാം അവളെ തനിച്ചു വിടണം" എന്നു ചിന്തിച്ചുകൊണ്ട്, അവളെ കൈവിടുമ്പോൾ, അവൾക്ക് ഒറ്റപ്പെടൽ അനുഭവപ്പെട്ടേക്കാം (അവളുടെ ദുഃഖം നിമിത്തം). കർത്താവിന്നു വേണ്ടിയുള്ള അവളുടെ സേവനം സഭ നിർത്തിവെക്കും, അവളെ ശല്യപ്പെടുത്തേണ്ട എന്നു വിചാരിച്ചു അവൾക്കു ചുമതലകളും ഏല്പിച്ചു കൊടുക്കയില്ല.

ആ യഥാർത്ഥ അപകടങ്ങളെ പൗലൊസ് ദൈവശ്വാസിയതയാൽ നമ്മെ ഉണർത്തിയിരിക്കുന്നു. പാപം നേരിടുമ്പോൾ അതിനെ ഒഴിവാക്കുവാൻ ദുഃഖത്താൽ വിഷമിക്കുന്ന ക്രിസ്തുവിലുള്ള നമ്മുടെ നല്ല സഹോദരിമാരെ പഠിപ്പിക്കേണ്ടതുണ്ട്. യുവതിയായ വിധവയിൽ കടന്നു വരുവാനിടയുള്ള പിടികൊടുക്കാത്ത ആറു തെറ്റുകൾ പൗലൊസ് ചൂണ്ടി കാണിക്കുന്നുണ്ട്:

1. "ഭോഗാസക്തി വാഞ്ഛ"[23] മൂലം ക്രിസ്തുവിനെ ഗണ്യമാക്കാതെ, കർത്താവിനെ അവൾ കൈവിട്ടേക്കാം (5:11). ക്രിസ്തീയ സ്ത്രീ *പിശാചിന്റെ ആഗ്രഹങ്ങളെ* ഉൾക്കൊള്ളരുത്!
2. ഈ വിധവമാർ "അവരുടെ മുമ്പത്തെ പ്രതിജ്ഞ[25] മാറ്റി വെക്കു

ന്നു"[24] (5:12). പ്രായം കുറഞ്ഞ വിധവ അവളുടെ ദൈവിക മനോഭാവം "തള്ളി കളഞ്ഞേക്കാം" (ഏഎസ്‌വി). അവളുടെ ദുഃഖത്തിൽ, തന്റെ ഭർത്താവുമായുള്ള അവളുടെ ബന്ധം ക്രൂരമായി വേർപ്പെട്ടതുകൊണ്ടു, തന്റെ ക്രിസ്തുവുമായുള്ള ബന്ധം വേർപ്പെടുത്തുന്നതു ന്യായീകരണ മുള്ള കാരണമായി അവൾ കാണുന്നു. ദൈവത്തിന്റെ ശക്തിയിലും നന്മ യിലും ഉള്ള അവളുടെ വിശ്വാസം കഠിന പരീക്ഷണത്തിൽ ഏർപ്പെട്ടിരി ക്കുന്നു! അങ്ങനെ അവൾ *ദൈവത്തെ തള്ളി കളയുന്നു*.

3. അവൾ "ഒന്നും ചെയ്യാതെ" ഇരിക്കും (5:13). അവൾ *ആവശ്യ ങ്ങൾ ഒഴിച്ചുനിർത്താൻ* തുടങ്ങുന്നത് തന്നെ അധിവസിപ്പിക്കുവാൻ സഹാ യിക്കും.

4. അവൾ വീടു തോറും "ചുറ്റി കറങ്ങുവാൻ"[26] തുടങ്ങും. അവൾ ഒറ്റക്ക് അലഞ്ഞു നടക്കുവാൻ തുടങ്ങിയേക്കാം; എന്നാൽ പെട്ടെന്ന് അല്ലെങ്കിൽ പിന്നീട് അവൾ അരുതാത്ത സ്ഥലത്ത് എത്തിച്ചേരും! അവൾ *ദിശാബോധമില്ലാത്ത പ്രവൃത്തികളിൽ* ഏർപ്പെടുകയോ ലക്ഷ്യമില്ലാതെ അലഞ്ഞു തിരിയുകയോ ചെയ്യും.

5. അവൾ "ദൂഷണ"[27] വലയത്തിൽ അകപ്പെടും. മത്സരമുള്ള വിമർശനരീതിയാൽ വെറുതെ സംസാരിക്കുവാൻ താല്പര്യമുണ്ടാകും: "ഞാൻ ചെയ്യുന്നതു നിങ്ങൾക്കിഷ്ടമല്ല, അതുകൊണ്ടു നിങ്ങൾ ചെയ്യു ന്നതിലെ ചില തെറ്റുകൾ ഞാൻ കണ്ടെത്തും." ഇതു അവളുടെ ദുഃഖം മറെക്കുവാൻ ലോല മനസ്സുകൊണ്ടുള്ള മുഖംമൂടിയും ആയിരിക്കാം. യഥാർത്ഥത്തിലുള്ള മനസാക്ഷിക്കുത്തിൽ നിന്നു ഒഴിഞ്ഞു മാറുവാൻ അവൾ ബാലിശമായ സംസാരത്തിൽ ഏർപ്പെടും. അവളുടെ *അപകടക രമായ സംസാരങ്ങൾ* ഉടനെ അല്ലെങ്കിൽ പിന്നീട് അവളെയും/അല്ലെ ങ്കിൽ മറ്റുള്ളവരെയും വേദനിപ്പിക്കുന്നതാകും.

6. അവൾ "തിരക്കുള്ളവരുമായി"[28] ചേർന്നു *അപവാദങ്ങൾ കുഴി ച്ചെടുക്കുന്നു*! അവളും പരദൂഷണം പറയുന്ന അവളുടെ സ്നേഹിതരും ചേർന്നു അപകീർത്തിപരമായ വാർത്തകൾ "മെനഞ്ഞുണ്ടാക്കുവാൻ" ശ്രമിക്കുന്നു.

ക്രിസ്തുവിലുള്ള ഒരു സഹോദരിയുടെ ഇത്തരം അപകടകരവും, സുഖകരമല്ലാത്തതുമായ സ്വഭാവത്തെ പിന്താങ്ങുന്നതു എത്ര നാശകര മാണ്. *പൗലൊസിന്റെ മുന്നറിയിപ്പു ഏതൊരു യുവതിയായ വിധവയും സഹോദരങ്ങളും ഓർമ്മിച്ചാൽ അത്തരം വശീകരണത്തിൽ ദുഃഖഭാര ത്തിലിരിക്കുന്ന ഒരു സഹോദരി കുടുങ്ങി പോകയില്ല.*

### ഒരു യുവതിയായ വിധവക്കു പകരം എടുക്കാവുന്നത് (വാ. 14, 15)

ഏതു സാഹചര്യത്തിൽ നിന്നും ദൈവത്തിനു തന്റെ മക്കളെ നല്ല ദിശയിലേക്കു നയിക്കുവാൻ കഴിയും. യുവതിയായ വിധവ സ്വയം പിശാ ചിനു അടിമപ്പെടുന്നതിനു പകരം, അവൾക്ക് പ്രായോഗികമായി പകരം എടുക്കാവുന്ന പ്രവൃത്തികൾ പൗലൊസ് നല്കുന്നുണ്ട്:

യുവ വിധവയുടെ കൂട്ടിനുവേണ്ടിയുള്ള സ്വാഭാവിക ആഗ്രഹം അവൾക്ക് വീണ്ടും വിവാഹം ചെയ്യുന്നതിലൂടെ നേടാം (5:14). ക്രിസ്തു

വിനെ ഗണ്യമാക്കാതെയുള്ള വിവാഹം ബുദ്ധിശൂന്യവും അപകടകര വുമാണെന്നു വാക്യം 11 ലെ ഉദാഹരണം പറയുന്നു. വീണ്ടും വിവാഹം കഴിക്കുവാനുള്ള അവളുടെ അവകാശത്തെ തന്റെ ഈ മുൻകരുതലിൽ നിഷേധിക്കുന്നില്ല എന്ന് യുവതിയായ വിധവയോട് പൗലൊസ് ഇവിടെ ഉറപ്പുനൽകുന്നു (റോമർ 7:2, 3), എന്നാൽ അവളുടെ വിവാഹത്തിനുള്ള ആഗ്രഹം വാക്യം 11-ൽ പറയുന്ന രീതിയിലേക്കു മാറ്റാൻ വേണ്ടി മാത്ര മാണ്.

അവളുടെ പ്രിയപ്പെട്ടവൻ നഷ്ടപ്പെട്ടതുകൊണ്ടു "മക്കളെ പ്രസവി ക്കുന്നതിനും," ലോകത്തിലേക്ക് ജീവിതങ്ങളെ കൊണ്ടുവരുന്നതിനും വീണ്ടും കുടുംബാന്തരീക്ഷത്തിൽ സ്നേഹം പങ്കു വെക്കുന്നതിനും ഭയക്കേണ്ടതില്ല.

"ഭവനം രക്ഷിക്കണം" എന്ന പൗലൊസിന്റെ പ്രബോധനം അവൾ പിൻപറ്റിയാൽ ക്രിസ്തുവിനുവേണ്ടിയുള്ള അവളുടെ സേവനം സ്ഥിര മായി നിലനിർത്താം. "ഭവനം ഭരിക്കട്ടെ" എന്നാണ് കെജെവി അവളോട് പറയുന്നത്. ഭർത്താവു ഭാര്യയുടെ തലയാണ് എന്നു പൗലൊസ് പറ ഞ്ഞതിനു എതിരല്ല ഇതു (എഫെസ്യർ 5:23, 24) ക്രിസ്തുവിനാണ് സകല അധികാരവും എന്നു ക്രിസ്തു അവകാശപ്പെട്ടിരിക്കുന്നത് (മത്തായി 28:18) ക്രിസ്തു ദൈവത്തിനു മീതെയല്ല എന്നു പൗലൊസ് പറഞ്ഞതിനെ എതി ർക്കുന്നു (1 കൊരിന്ത്യർ 15:23-28). പൗലൊസ് 1 കൊരിന്ത്യർ 15:27-ൽ പറഞ്ഞതുപോലെ, ഭാര്യയുടെ ഭരണം ഭർത്താവിന്മേലല്ല, മറിച്ചു അടു ക്കുംചിട്ടയുമുള്ള നന്നായി - നിർവ്വഹിക്കുന്ന കുടുംബത്തെ ലഭിക്കേ ണ്ടതിന് ഭർത്താവിനോടു ചേർന്നു ജോലി ചെയ്യുക എന്നതാണ്. കുട്ടി കളെ പരിശീലിപ്പിക്കുന്നതും ഭവനത്തെ നന്നായി നടത്തുന്നതും ഭർത്താ വിന്റെ മാത്രം ജോലിയല്ല.

അവളുടെ വീട്ടിലെ നേതൃത്വത്തിന് അർഹമായ ലക്ഷ്യമുണ്ട്: അത് ശത്രുവിനും - പിശാചിനും അവന്റെ സഹായികൾക്കും ("പ്രതിയോ ഗി"; കെജെവി) - നിയന്ത്രിക്കുവാൻ കഴിയുകയില്ല. വിധവ അവളുടെ പങ്ക് നിർവ്വഹിക്കുമ്പോൾ ശത്രുവിനു അവളിൽ "അപവാദം"[29] ഉന്നയിക്കു വാൻ കഴിയുകയില്ല. (നോക്കുക തിത്തൊസ് 2:8; 1 പത്രൊസ് 2:11, 12; 3:15-17.)

അദ്ധ്യായം 5-ൽ പൗലൊസ് നല്കിയ തത്വങ്ങളെ ആദരിച്ചാൽ, തങ്ങ ളുടെ മക്കളും കൊച്ചുമക്കളും അവരുടെ പ്രിയപ്പെട്ടവരെ കരുതുവാൻ സഭയ്ക്കു വിട്ടു കൊടുക്കുന്നതിന്റെ ഒരു സംഭവങ്ങളും ഉണ്ടാവുകയില്ല. അങ്ങനെ ചെയ്താൽ അതു തുല്യ ദുഃഖത്തിനിടയാക്കും. എല്ലാവരും പൗലൊസിന്റെ തത്വങ്ങൾ പിൻപറ്റുകയാണെങ്കിൽ, സഭയ്ക്കു അതു ആശ്വാസമാകയും വാസ്തവത്തിലുള്ള വിധവമാരോടു നിർവ്വഹിക്കേണ്ട കർത്തവ്യത്തിൽ നിന്നു അവർക്ക് മാറാതിരിക്കയും ചെയ്യാം (നോക്കുക 2 കൊരിന്ത്യർ 8:13-15; ഗലാത്യർ 6:2-5).

## പാഠം 16: മൂപ്പന്മാർക്കു വേണ്ട പ്രത്യേക പരിഗണന (5:17-25)

സഭയിൽ പ്രത്യേക ശുശ്രൂഷ നടത്തുന്ന സഹോദരന്മാർക്കു മഹ

ത്തായ നിർദ്ദേശങ്ങൾ പൗലൊസ് നല്കുന്നുണ്ട്. പലപ്പോഴും മൂപ്പന്മാർ, അല്ലെങ്കിൽ മേൽ വിചാരകന്മാർ, ഈ കാലത്ത് അവഗണിക്കപ്പെടുകയും അവർ പൗലൊസ് നിർദ്ദേശിച്ചതുപോലെ, ശുശ്രൂഷിക്കാതിരിക്കയും ചെയ്യുന്നു. പൗലൊസിന്റെ ദൈവശ്വാസിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ആത്മാവിന്റെ ദൈവിക ഉപദേശപ്രകാരം നാം കാര്യങ്ങൾ നേരെയാക്കി എടുക്കണം.

### നടത്തേണ്ട ആത്മിയ ശുശ്രൂഷ (വാ. 17)

പൗലൊസ് പറഞ്ഞു, "നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക" (5:17). നന്നായി "ഭരിക്കുന്ന"[30] മൂപ്പനാണ് ഫലപ്രദമായ മൂപ്പൻ. സ്വേഛരാധിപതിയായ, സ്വാർത്ഥബുദ്ധിയുള്ള ഒരു മൂപ്പനോ "ഭരിക്കുന്ന" തിനെ തന്റെ ഇഷ്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന വോട്ടിങ്ങ് ശക്തിയുമായി ബന്ധപ്പെടുത്തുന്ന ഡംഭുള്ള ഇടയനോ, സഭയിൽ സ്ഥാനമില്ല. തകർന്നു കാണാൻ ആഗ്രഹിക്കുന്ന ഏതെങ്കിലും നല്ല പ്രവൃത്തിയെ തടയുന്നതിന് അയാൾക്കു "വീറ്റോ അധികാരം" ഇല്ല. തന്റെ വിചാരണയിലുള്ളവർക്ക് ശ്രദ്ധയും സഹായവും നൽകുന്ന അധികാരമാണ് മൂപ്പന്മാർക്കു ഭരിക്കുന്നതിൽ വേണ്ടത്. നമ്മുടെ ആത്മാക്കളുടെ മുഖ്യ ഇടയനെ പോലെ (1 പത്രൊസ് 2:25; 5:4; മത്തായി 20:26–28), തന്റെ വിചാരണയിലുള്ളവരോടുള്ള കരുതലനുസരിച്ചാണ് മൂപ്പൻ തന്റെ ഭരണ ശുശ്രൂഷ നടത്തുന്നത്. പല വിധത്തിൽ മൂപ്പന്മാർ ഭരിക്കുന്നതിനെ പൗലൊസ് പറയുന്നുണ്ട്:

(1) അവൻ "നന്നായി" ഭരിക്കുന്നു. ഒരാളുടെ ശുശ്രൂഷിക്കുന്ന മനോഭാവത്തെ തിരിച്ചറിയിക്കുന്ന വാക്ക് എത്ര മൂല്യമുള്ളതാണ്! "നന്നായി" എന്നതിൽ ശ്രേഷ്ഠതയും, നീതിയും, സത്യസന്ധതയും ഉൾപ്പെടുന്നു. അതു ഉത്തമവും, കുറ്റമില്ലാത്തതുമായ ശുശ്രൂഷയെ സൂചിപ്പിക്കുന്നു. ഇവയിൽ ഏതാണ് ഒരു മൂപ്പനു ആവശ്യമില്ലാത്ത യോഗ്യത?

(2) അവൻ "കഠിനമായി അദ്ധ്വാനിക്കുന്നു."[31] അങ്ങനെ തമ്മിൽ പ്രവർത്തിക്കുന്ന മൂപ്പന്മാരുള്ള ഇടവക എത്ര ഭാഗ്യമുള്ളതാണ്!

(3) അവൻ "പ്രസംഗിക്കുന്നതിൽ"[32] കഠിനമായി അദ്ധ്വാനിക്കുന്നു. ഒരു മൂപ്പൻ എന്ന നിലയിൽ തന്റെ പ്രവൃത്തിയിൽ അയാൾക്ക് ക്ഷീണം വർദ്ധിക്കുകയും തളർന്നു പോകുകയും ചെയ്യുന്നു. ഇവിടെയുള്ള അക്ഷരിക തർജ്ജിമയുടെ അർത്ഥം "വചനത്തിൽ," എന്നായതുകൊണ്ട് അതു സൂചിപ്പിക്കുന്നത് ഒരാളുടെ സംസാരമാണെന്നു തോന്നുന്നു. പ്രവൃത്തികൾ 20:2 ലെ "ഏറിയോന്നു പ്രബോധിപ്പിച്ചു" എന്ന പദത്തെ പോലെ, എങ്ങനെയായാലും, കൂടുതൽ അർത്ഥവത്തായി, "വചനത്തിൽ ഏറിയോന്നു പ്രബോധിപ്പിച്ചു. ..." എന്നു തർജ്ജിമ ചെയ്യാം. രണ്ടാമത്തെ ആശയം ശരിയാണെങ്കിൽ, ആ മൂപ്പൻ വചനത്തിൽ തന്റെ വേല (പഠനം) ചെയ്തു ക്ഷീണിതനാകും. അത് ആദ്യം പറഞ്ഞ ആശയം ആണെങ്കിൽ (അതുകാരണം, വചനത്തിൽ അല്ലെങ്കിൽ പ്രസംഗത്തിൽ), സഹോദരങ്ങൾക്കു മുൻപിൽ സംയമനത്തോടെ പ്രസംഗിച്ചു അവൻ ക്ഷീണിതനാകും. അവൻ ശ്രദ്ധിച്ചു ദൈവവചനം പഠിക്കണം എന്നു രണ്ടു ആശ

യവും ആവശ്യപ്പെടുന്നു (1 പത്രൊസ് 4:11).

(4) "ഉപദേശത്തിൽ," അവൻ കഠിനമായി അദ്ധ്വാനിക്കുന്നു, ആവശ്യമുള്ള ആത്മാക്കളിലേക്കു സത്യം എത്തിക്കുന്നതിലും അവരെ വെല്ലുവിളിക്കുന്നതിലും പാടുപെട്ടു അവൻ ക്ഷീണിച്ചു, തളർന്നു, മുഷിയുന്നു. "നല്ല ജീവിതം ജീവിച്ചതു" കൊണ്ടു മാത്രം ലഭിക്കുന്നതല്ല അത്തരം ശുശ്രൂഷ. രഹസ്യമായും പരസ്യമായും സത്യവചനം മറ്റുള്ളവരിൽ എത്തിക്കേണ്ടതിൽ സ്വയം അർപ്പിച്ചു സേവിക്കുന്ന, തിരുവെഴുത്തിൽ പരിജ്ഞാനപൂർത്തി പ്രാപിച്ച മൂപ്പന്മാരെയാണ് നമുക്കു വേണ്ടത്.

"പ്രസംഗിക്കുന്നതിലും ഉപദേശിക്കുന്നതിലും കഠിനമായി അദ്ധ്വാനിച്ചു [കൊണ്ടിരിക്കൽ]" എഫെസ്യമൂപ്പന്മാർക്കിടയിൽ പൗലൊസിന്റെ നടപ്പിനു സമാന്തരമാണ്. അവൻ പിന്നീട് പറഞ്ഞു, "പ്രയോജനമുള്ളതു ഒന്നും മറച്ചു വെക്കാതെ, പരസ്യമായും വീടു തോറും നിങ്ങളോടു അറിയിക്കയും ചെയ്തു," മൂപ്പന്മാർ എന്ന രീതിയിൽ അവർക്ക് എങ്ങനെ ശുശ്രൂഷിക്കേണം എന്ന മാതൃകയും നല്കി (പ്രവൃത്തികൾ 20:20, 35).

### സഹോദരന്മാർക്കുണ്ടാകേണ്ട സഹായിക്കേണ്ട മനോഭാവം (വാ. 17, 22)

പൗലൊസ് പറഞ്ഞതുപോലെ പ്രവർത്തിക്കുന്ന മൂപ്പന്മാർ തീർച്ചയായും "ഇരട്ടിമാനത്തിനു[33] യോഗ്യരാണ്"[34] (5:17). മൂപ്പന്മാർ "ഇരട്ടിമാനത്തിനു" യോഗ്യർ എന്നതിന്റെ അർത്ഥത്തെ കുറിച്ചു വിവിധ കാഴ്ചപ്പാടുകൾ ഉണ്ട്. ആ പദ പ്രയോഗത്തിനു താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരർത്ഥമാകാം:[35]

1. ഇരട്ടി ശമ്പളം
2. മാനവും ശമ്പളവും
3. അറുപതു - വയസ് - പ്രായമുള്ള വിധവമാരുടെ ശമ്പളത്തിന്റെ ഇരട്ടി
4. ശുശ്രൂഷകന്മാരുടെ ശമ്പളത്തിന്റെ ഇരട്ടി
5. പ്രായമായ മനുഷ്യന്റെ മാനവും ഒരു മൂപ്പൻ എന്ന മാനവും
6. സഹോദരൻ എന്ന മാനവും മൂപ്പൻ എന്ന മാനവും
7. സ്ഥാനവും പ്രവൃത്തിയും നിമിത്തമുള്ള പ്രത്യേക മാനം - അതിൽ ശമ്പളവും ഉൾപ്പെട്ടിരിക്കുന്നു

ഈ ലിസ്റ്റിലെ 2 ഉം 7 ഉം ഈ സന്ദർഭത്തിൽ നിന്നുള്ളതായി പരിഗണിക്കണം. ഈ സഹോദരന്മാർ "യോഗ്യരാണ്."

### ഒരു മൂപ്പൻ "കഠിനമായി അദ്ധ്വാനിക്കുമ്പോൾ" (വാ. 17, 18)

സഭയുടെ ദൈവിക ഉദ്ദേശം ക്രിസ്തു മുഖാന്തരം ക്രിസ്തുവിൻ കീഴിൽ യഥാസ്ഥാനപ്പെടുത്തുന്നതിൽ, രണ്ട് ആവശ്യങ്ങൾ നമുക്ക് ഉണ്ട്: (1) നാം ശരിയായ, പ്രത്യേക പരിശീലനം പുരുഷന്മാർക്കു കൊടുക്കുകയാണെങ്കിൽ അത് അവരെ തങ്ങളുടെ "പ്രസംഗത്തിലും ഉപദേശത്തിലും കഠിനമായി അദ്ധ്വാനിക്കുവാൻ" സഹായിക്കും. (2) ഈ വലിയ പ്രവൃത്തിക്കു ഒരാൾ തയ്യാറാകുമ്പോൾ (സാധാരണ ഒരു കൂട്ടത്തോടൊപ്പം

ജോലി ചെയ്യുന്നതിൽ പരിശീലനം ലഭിച്ച ഒരു സുവിശേഷകൻ), നാം അവർക്കുവേണ്ട സഹായം ചെയ്താൽ അവർക്കു ശുശ്രൂഷിപ്പാനുള്ള കഴിവും സമയവും ഉണ്ടാകും.

സുവിശേഷകന്മാരെ സാമ്പത്തിക സഹായം ചെയ്യണമെന്നു പുതിയ നിയമത്തിൽ വായിക്കുന്നതുപോലെ മൂപ്പന്മാരേയും സഹായിക്കണമെന്നു നാം വായിക്കുന്നു (നോക്കുക 1 കൊരിന്ത്യർ 9:13, 14; ഗലാത്യർ 6:6; 1 തിമൊഥെയൊസ് 3:3; തിത്തൊസ് 1:7; 1 പത്രൊസ് 5:2).

"പ്രസംഗത്തിലും ഉപദേശത്തിലും നന്നായി അദ്ധ്വാനിക്കുന്ന" മൂപ്പന്മാരെ സാമ്പത്തികമായി സഹായിക്കേണ്ടതിനുള്ള തെളിവുകൾ 5:17, 18 ന്റെ സന്ദർഭത്തിലുണ്ട്:

1. ഗ്രാമർ ഘടന അതാവശ്യപ്പെടുന്നുണ്ട്. "യോഗ്യമായി കരുതണം" എന്നതാണ് പദപ്രയോഗം. അതായതു, മൂപ്പന്മാർ "ഇരട്ടി മാനത്തിനു" അർഹരാകേണ്ടതിന് നാം പ്രാർത്ഥിക്കുകയും ഏർപ്പെടുത്തുകയും ചെയ്യണം.

2. പൗലൊസ് ഉദ്ധരിച്ചിരിക്കുന്നു, "തിരുവെഴുത്തു പറയുന്നതു, 'മെതിക്കുന്ന കാളക്ക് മുഖപ്പട്ട കെട്ടരുത്'" (5:18; നോക്കുക ആവർത്തനപുസ്തകം 25:4). ഉപദേഷ്ടാക്കന്മാർ വചനം പ്രസംഗിക്കുന്നതിനു അവർക്കു ശമ്പളം കൊടുക്കണം എന്നു തെളിയിച്ച് 1 കൊരിന്ത്യർ 9:9-14-ൽ ഈ ചിത്രീകരണം ഉപയോഗിച്ചിരിക്കുന്നു.

3. "വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ" എന്നും, പൗലൊസ് കൂട്ടിച്ചേർത്തു (5:18). അതു ശമ്പളത്തെ സൂചിപ്പിക്കുന്നു. ഒരു വേലക്കാരനു കൂലി കൊടുക്കുന്നതു വചനപ്രകാരമാണ് എന്നു പൗലൊസ് സൂചിപ്പിക്കുന്നു. പൗലൊസ് അത് എഴുതിയതുകൊണ്ട്, ഇപ്പോൾ നമുക്ക് അറിയാം! എങ്ങനെയായാലും, ലൂക്കൊസ് 10:7-ൽ യേശു ഇതേ പ്രയോഗം നടത്തുന്നുണ്ട്. തത്വത്തിൽ അതു പഴയ നിയമം പഠിപ്പിച്ചു, പൗലൊസ് അതു പഠിപ്പിച്ചു, യേശുവും അതു പഠിപ്പിച്ചു.

**ഒരു മൂപ്പൻ പാപം ചെയ്യുമ്പോൾ (വാ. 19, 20)**

സഹോദരന്മാർക്കിടയിലെ പാപത്തോടുള്ള നമ്മുടെ മനോഭാവത്തിൽ ഉൾപ്പെടുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

ഒന്ന്, കുറ്റാരോപണങ്ങളെ കേൾക്കുവാനോ കുറ്റപ്പെടുത്തുവാനോ ഉള്ള ആകാംക്ഷ നാം കാണിക്കരുത് (5:19). "ഒലിച്ചിറങ്ങുന്ന ദൂഷണത്തിൽ" ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്കു അല്ലെങ്കിൽ മറ്റൊരാളെ കുറിച്ചുള്ള കുറ്റം കേൾക്കുവാൻ ആഗ്രഹിക്കുന്ന ആൾക്ക് എന്തോ മാനസിക പ്രശ്നമാണ് നേരിട്ടിരിക്കുന്നത്. നാം ഇതിനു ബൈബിൾ തത്വവും സാമാന്യ ബുദ്ധിയും ഉപയോഗിക്കണം. ആരോപിക്കപ്പെട്ട കുറ്റത്തിനു എപ്പോഴും നാം സാക്ഷികളെ ആവശ്യപ്പെടണം. അതു കഥ പെരുപ്പിക്കുന്നതു ഒഴിവാക്കാം. വൈകാരിക നിമിഷത്തോടു ഒരു വാക്കോ അല്ലെങ്കിൽ പദപ്രയോഗമോ ചേർത്താൽ അതു ഒന്നുകിൽ ശരിയായി അല്ലെങ്കിൽ തെറ്റായി തീർച്ചപ്പെടുത്തും. സാക്ഷികളെ ആവശ്യപ്പെട്ടാൽ, അപ്രധാനമായ കാര്യങ്ങളെ കുറിച്ചുള്ള ചർച്ച തന്നെ ഒഴിവാക്കാം (നോക്കുക 5:21). അതു മൂപ്പനെതിരെയുള്ള കുറ്റാരോപണപ്രചരണം തടയുവാനും

കഴിയും.

രണ്ട്, പാപത്തെ അവഗണിച്ചില്ല എന്നു നാം ഉറപ്പു വരുത്തണം (5:20). “പാപത്തിൽ തുടരുന്നവരോടു” പൗലൊസ് എഴുതി. അവന്റെ വാക്കുകൾ, *വർത്തമാനകാല*, ക്രിയാബന്ധത്തിൽ, ആ സമയത്തു പാപം ചെയ്യുന്നതിനെ, അല്ലെങ്കിൽ ആനുകാലിക പാപത്തെ സൂചിപ്പിക്കുന്നു.[36] അടുത്ത സമയത്തു പാപം ചെയ്തിട്ടു തിരുത്തിയതിനെയോ ഏതെങ്കിലും ഒരു പാപത്തിൽ ഒരു വ്യക്തി തുടരുന്നതിനെയോ ആണ് ഇതു സൂചിപ്പിക്കുന്നതു. പാപത്തെ കണ്ടില്ലെന്നു നടിക്കുന്നതിനു പകരം, നാം പാപിയെ “ശാസിക്കണം.”[37] ഇതൊരു വ്യക്തിപരമായ കോപമല്ല, എന്നാൽ പ്രത്യേകമായ പാപത്തെ തുറന്നുകാണിക്കുന്ന ഒരു സംഭവമാണ് (നോക്കുക മത്തായി 18:15). ഒരു സന്ദർശന മദ്ധ്യേ ബൈബിൾ തുറക്കാം; ചെയ്ത ഏതു തെറ്റിനെയും പറയുവാൻ എടുക്കേണ്ട നിലവാരം ദൈവവചനമാണ്. അത്തരം സംഭാഷണങ്ങളിൽ വ്യക്തിപരമായ അഭിപ്രായങ്ങളും “എനിക്ക് തോന്നുന്നു” എന്നതും ഒഴിവാക്കണം.

മൂന്ന്, പാപത്തോടുള്ള പ്രതികരണം എല്ലാവരും “പാപത്തിനിരയാകും എന്നു ഭയപ്പെടുവാൻ” തീർച്ചയാക്കണം. പ്രവൃത്തികൾ 5:1–11 ൽ അനന്യാസും സഫീരയും സഭയിൽ പാപം ചെയ്തതിനെ കൈകാര്യം ചെയ്തശേഷം, “സർവ്വ സഭെക്കും ഇതു കേട്ടവർക്കു എല്ലാവർക്കും മഹാഭയം ഉണ്ടായി.”

### ഒരു മൂപ്പനെ തിരഞ്ഞെടുക്കുമ്പോൾ (വാ. 21, 22)

പൗലൊസിന്റെ ഈ തത്വങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, നാം ദൈവവുമായും, ക്രിസ്തുവുമായും, തിരഞ്ഞെടുക്കപ്പെട്ട ദൂതന്മാരുമായും ഭയഭക്തിയുള്ള കാഴ്ച്ചക്കാരെ പോലെയാണ് പ്രവർത്തിക്കുന്നത്. മൂപ്പന്മാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിൽ ഏർപ്പെടുന്നവരുടെ സ്വഭാവത്തെയും പൗലൊസ് അവതരിപ്പിക്കുന്നുണ്ട്.

1. ആ വ്യക്തി നീതിയുള്ളവൻ ആകണം: “ഈ തത്വങ്ങൾ പക്ഷം കൂടാതെ ചെയ്യണം”[38] (5:21). “എനിക്കു ഊഹിക്കാൻ കഴിയും” അല്ലെങ്കിൽ “ഇതായിരിക്കാം ഒരു പക്ഷെ സംഭവിച്ചതു” എന്നോ പറയുവാനുള്ള സമയം അല്ല ഇത്. വേഗത്തിലുള്ള, കാണാൻ കഴിയാത്ത തീർച്ചപ്പെടുത്തൽ എല്ലാം സൃഷ്ടിക്കും എന്നാൽ അവയോടുള്ള സ്നേഹവും നീതിയും പരിഗണിക്കണം.

2. മുഖപക്ഷം കാണിക്കാത്ത വ്യക്തിയായിരിക്കണം: “പക്ഷഭേദ മനോഭാവത്തോടെ ഒന്നും ചെയ്യരുത്.” ഒരു പ്രശ്നത്തിൽ ഒരു “വശം” മാത്രം കണ്ടു തീരുമാനമെടുക്കുവാൻ സുവിശേഷകനിൽ സമ്മർദ്ദം ഉണ്ടായേക്കാം. അടുത്ത സ്നേഹിതർ പാപിയെ ന്യായീകരിച്ചേക്കാം, എന്നാൽ മറ്റു സഹോദരന്മാർ പാപിയായ സഹോദരനെ തരം താഴ്ത്തുവാൻ അവസരം നോക്കിയിരിക്കുകയാവും. പൂർണ്ണമായി മുഖപക്ഷം കൂടാതെ പ്രവർത്തിക്കുവാൻ *സത്യത്തെ സംസാരിക്കുവാനും നയിക്കുവാനും അനുവദിക്കുക മാത്രമാണ്* ഏക സുരക്ഷിതമായ മാർഗ്ഗം.

3. എടുത്തു ചാട്ടക്കാരനായ വ്യക്തി അരുത്: “യാതൊരുത്തന്റെ മേലും വേഗത്തിൽ കൈ വെക്കരുത്” (5:22). പൊതുവിൽ അംഗങ്ങൾ

മൂപ്പന്മാരെ തിരഞ്ഞെടുത്തു എങ്കിലും (നോക്കുക പ്രവൃത്തികൾ 6:1-6), അപ്പൊസ്തലന്മാർ അല്ലെങ്കിൽ സുവിശേഷകന്മാർ ആയിരുന്നു പുതിയ നിയമകാലയളവിൽ നിയമനം നടത്തിയതു (അല്ലെങ്കിൽ വേർതിരിച്ചാക്കിയത്). അതിൽ കൈവെപ്പും ഉൾപ്പെട്ടിരുന്നു (നോക്കുക പ്രവൃത്തികൾ 13:1-3; 1 തിമൊഥെയൊസ് 4:14).[39] തിത്തൊസ് 1:5-ൽ[40], തിത്തൊസിനെ, ഒരു സുവിശേഷകൻ എന്ന നിലയിൽ ഇതു ചെയ്യുവാൻ നിയോഗിക്കുന്നുണ്ട്. ധൃതി പിടിച്ചുള്ള നിയമനങ്ങൾ പെട്ടെന്നുള്ള കുഴപ്പത്തിനും, കലക്കത്തിനും, അല്ലെങ്കിൽ ഒരു വ്യാഴവട്ടക്കാലം "ജീവിച്ചത്" അങ്ങനെ ആയിരുന്നില്ല എന്നും വരാം (നോക്കുക മത്തായി 7:20).

വചനപ്രകാരമുള്ള നടപടികൾ ആണ് എടുക്കേണ്ടതെങ്കിൽ, അതു പുരുഷന്മാരെ തിരഞ്ഞെടുത്തു "കണക്കു ബോധിപ്പിക്കേണ്ട, ആത്മാക്കൾക്കുവേണ്ടി ജാഗരിക്കുന്നവരെ" നിയമിക്കുമ്പോഴാണ് പാലിക്കേണ്ടത് (എബ്രായർ 13:17).

4. "മറ്റുള്ളവരുടെ പാപങ്ങളിൽ ഓഹരിക്കാരനാകാതിരിപ്പാൻ" സൂക്ഷിക്കുന്ന വ്യക്തിയായിരിക്കണം. പാപം തിരുത്തുവാൻ ശ്രമിക്കുന്നതു പാപത്തിലേക്കു ഒരാളെ നയിച്ചേക്കാം (ഗലാത്യർ 6:1, 2). ഒരാൾ മറ്റൊരാളെ തർജ്ജനം ചെയ്യുവാൻ ശ്രമിക്കയും അതിനു വിധേയമാകുകയും ചെയ്യുന്നതു എത്ര ഖേദകരമാണ് (നോക്കുക റോമർ 2:21-24). പൗലൊസ്, ഒരു വാക്യത്തിൽ, മറ്റുള്ളവരെ പ്രബോധിപ്പിക്കുവാൻ കഴിവുള്ള വ്യക്തികളെ ചുരുക്കത്തിൽ തിരിച്ചറിയിക്കുന്നു (ശ്രദ്ധയോടെ നോക്കുക റോമർ 15:14).

5. വ്യക്തി ഒരു മാതൃകയായിരിക്കണം: "പാപത്തിൽ നിന്നു നിങ്ങളെ സൂക്ഷിക്കുക[41] [നിർമ്മലത; കെജെവി]." ആ കാര്യങ്ങളെ കുറിച്ചു നീതിയുക്തവും സത്യസന്ധവുമായ തീരുമാനം നടപ്പിലാക്കുവാൻ വാസ്തവത്തിലുള്ള മാർഗ്ഗം ഇതാ. (നോക്കുക തിത്തൊസ് 1:15, 16.)

മൂപ്പന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർ ആ അഞ്ചു സ്വഭാവങ്ങളും നിർമ്മലതയോടെ സൂക്ഷിച്ചാൽ, ഒരു തെറ്റായ തീരുമാനങ്ങളും ഉണ്ടാവാതെ യോഗ്യതയുള്ള സഹോദരന്മാരെ മാത്രം നിയമിക്കുവാൻ സാധിക്കും!

### തിമൊഥെയൊസിന്റെ ആരോഗ്യത്തിനായി ഇടയ്ക്കു ചേർത്ത ഉപദേശം (5:23)

താൻ ചെയ്യേണ്ടതെല്ലാം ചെയ്യുന്ന ഏതൊരു സുവിശേഷകനും സമ്മർദ്ദം, പിരിമുറുക്കം, ആരോഗ്യത്തെ - ആക്രമിക്കുന്ന അഗ്നിപരീക്ഷകൾ എന്നിവ നേരിടും. തിമൊഥെയൊസ്, ഒരു മകനെ പോലെ ആണെന്നറിഞ്ഞ്, അവൻ ഭാവി ശുശ്രൂഷക്കു പ്രാപ്തനാകേണ്ടതിന് ചില പ്രായോഗിക നിർദ്ദേശങ്ങൾ പൗലൊസ് നല്കുന്നു.

വാക്യം 23-ൽ പൗലൊസ് പറഞ്ഞു, "നിന്റെ വയറ്റിലെ അജീർണ്ണം നിമിത്തം അല്പം വീഞ്ഞ് [ഗ്രീക്ക്.: *ഓയിനോസ്*] സേവിക്ക." *ഓയിനോസ്* എന്നതു വീര്യമുള്ള വീഞ്ഞിനെ ആയിരിക്കാം സൂചിപ്പിച്ചതു, അതു റോമർ 14:21-ൽ അല്ലെങ്കിൽ എഫെസ്യർ 5:18-ൽ ഉപയോഗിച്ചതിൽ നിന്ന് വ്യക്തമാണ്, അല്ലെങ്കിൽ അതു വീര്യമില്ലാത്ത വീഞ്ഞിനെ ആയിരിക്കാം സൂചിപ്പിച്ചത്, അതു മർക്കൊസ് 2:22 ലും (ഗ്രീക്ക്.: *ഓയിനോൺ*

*നിയോൺ* – പുതു വീഞ്ഞ്) യോഹന്നാൻ 2:3 ലും ഉപയോഗിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതേ വാക്കാണ് 1 തിമൊഥെയൊസ് 3:8 ലും തിത്തൊസ് 1:7 ലും ഉപയോഗിച്ചിരിക്കുന്നത്, അതിൽ ചിലരോടു വീഞ്ഞ് കുടിച്ചു മത്തരാകരുത് അല്ലെങ്കിൽ അടിമപ്പെടരുത് എന്നു മുന്നറിയിച്ചിരിക്കുന്നു. പൗലൊസ് ഏതു രീതിയിലുള്ള വീഞ്ഞു അർത്ഥമാക്കിയാലും, അതു *അപമാനകര*മായല്ല മറിച്ചു *ശരിയായി ഉപയോഗിക്കുവാനാണ്* ഇവിടെ പൗലൊസ് പറഞ്ഞത്.

ഇന്ന് ചില രാജ്യങ്ങളിൽ, തിളപ്പിക്കാത്ത വെള്ളം വയറ്റിളക്കവും മറ്റു രോഗങ്ങളും ഉണ്ടാകുവാൻ കാരണമാകുന്നു. അത്തരം അശുദ്ധി മാറി കിട്ടുന്നതിനു വീഞ്ഞ് ഉപകരിക്കും. അതു മനസ്സിൽ വെച്ചുകൊണ്ടു, പൗലൊസ് എന്തു പറഞ്ഞു എന്നും പൗലൊസ് എന്തു പറ*ഞ്ഞില്ല* എന്നും ശ്രദ്ധിക്കുക.

ഇതാ ഗുണകരമായ ഒരു പാഠം! ഒരാളുടെ ശാരീരിക അസ്വസ്ഥത നീങ്ങുവാനുള്ള പ്രതിവിധിയായി വീഞ്ഞു *ശരിയായി ഉപയോഗിക്കുന്നതിനു* ദൈവശ്വാസിയ നിർദ്ദേശം ഉണ്ട്. പൗലൊസ് തിമൊഥെയൊസിന്റെ വയറിനെ കുറിച്ചു മാത്രമല്ല പറഞ്ഞതു എന്നാൽ അടിക്കടിയുള്ള രോഗത്തിനു എന്തെങ്കിലും ചെയ്യണം എന്നും പറയുന്നുണ്ട്. ലൂക്കൊസ് 5:31 ലെ ക്രിസ്തുവിന്റെ ശരിയായ അർത്ഥമുള്ള പ്രസ്താവന: "ദീനക്കാർക്കല്ലാതെ, സൗഖ്യമുള്ളവർക്കു വൈദ്യനെ കൊണ്ട് ആവശ്യമില്ല." വൈദ്യശാസ്ത്ര സഹായം നിരസിക്കുന്നതു ക്രിസ്തുവിന്റെ ഉപദേശത്തോടോ പൗലൊസ് തിമൊഥെയൊസിനോടു കല്പിച്ചതിനോടോ യോജിക്കുന്നതല്ല. ഒരു പ്രശ്നത്തിൽ നിന്നും ഒളിക്കുവാൻ ശ്രമിക്കുന്നത് അതിന് പരിഹാരം അല്ല. താമസിക്കുന്നതു അപകടം വരുത്തിയേക്കാം. ഒരാൾക്ക് രോഗം വന്നാൽ, അതിനോടുള്ള അയാളുടെ കാഴ്ച്ചപ്പാട് എന്തായാലും, എന്തെങ്കിലും ചെയ്യണം എന്നു, യാക്കൊബ് 5:14 തെളിയിക്കുന്നു. *ചില മതസംഘടനകൾ പറയുന്നത് നിങ്ങൾ ഡോക്ടറുടെ അടുത്തു പോയാൽ നിങ്ങൾക്കു ദൈവത്തിൽ വിശ്വാസം ഇല്ല എന്നാണ്; അതു ബൈബിൾ വിരുദ്ധ ആശയമാണ്.*

ഇവിടെ ഒരു നിഷേധ പാഠവും നല്കിയിരിക്കുന്നു. ചിലർ ഈ വേദഭാഗത്തെ *മോശമാക്കുന്നു,* ഇതെടുത്തുകൊണ്ട് പല രീതിയിലുള്ള മദ്യത്തിന്റെ ഉപയോഗത്തെ അവർ ന്യായീകരിക്കും. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു സത്യസന്ധമായി നമുക്കു ഉത്തരം കണ്ടെത്താം:

1. ഒരാൾ വീഞ്ഞു കുടിക്കുവാൻ ശഠിക്കുന്നതു ഈ വേദഭാഗത്തിൽ വെള്ളം കുടിക്കുന്നതു നിർത്തണമെന്ന് പറഞ്ഞതുകൊണ്ടാണോ? ആ വാക്യം ശ്രദ്ധിച്ചു വായിക്കുക.

2. ഈ വാക്യം എടുത്തു വീഞ്ഞ് കുടിക്കുന്നതിനെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന ആൾ എപ്പോഴും "അല്പം വീഞ്ഞിൽ" മാത്രം ഒതുങ്ങി നിൽക്കുമോ? ഇല്ലെങ്കിൽ, പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞതു അയാൾ അനുസരിച്ചിട്ടുണ്ടോ?

3. ഈ വാക്യം എടുത്തു മദ്യപാനത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന ആൾ *വീഞ്ഞു മാത്രമാണോ* (അതോ വിസ്കി, ബിയർ, അല്ലെങ്കിൽ മറ്റു ലഹരി പദാർത്ഥങ്ങൾ) *കുടിക്കുന്നത്?*

4. ഈ വാക്യം എടുത്തു മദ്യപാനത്തെ ന്യായീകരിക്കുന്നവർ വയറ്റിലെ (ഈ) അജീർണ്ണം നിമിത്തം "അല്പം വീഞ്ഞാണോ" വയറ്റിലെ അജീർണ്ണം നിമിത്തം കുടിക്കുന്നത് അല്ലെങ്കിൽ "അടിക്കടിയുണ്ടാകുന്ന ദീനം" നിമിത്തം?

കുഴപ്പിക്കുന്ന ചോദ്യം ചെയ്യാനാവാത്ത അല്ലെങ്കിൽ ദോഷ സ്വാധീനമില്ലാത്ത ധാരാളം മരുന്നുകൾ നമ്മുടെ ശാരീരിക അസുഖങ്ങൾക്ക് ലഭ്യമായ യുഗത്തിലാണ് നാം ജീവിക്കുന്നത്. തന്നെ കുറിച്ചു ആരും മോശമായി സംസാരിക്കാത്ത വിധത്തിൽ വേണം ക്രിസ്ത്യാനി ജീവിക്കുവാൻ (നോക്കുക 2 കൊരിന്ത്യർ 8:20, 21; 1 കൊരിന്ത്യർ 10:28-33; 1 പത്രൊസ് 3:15-17; റോമർ 14:16, 21). ഈ വിധത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ അമിതമായ കുടി (വീഞ്ഞോ മറ്റെന്തെങ്കിലുമോ) *ഏറ്റവും പ്രായോഗികമല്ലാത്തതാണ്* എന്ന് തിരിച്ചറിയും!

### പാപത്തിന്റെ അനന്തരഫലം ദോഷവും ഒഴിഞ്ഞു മാറാൻ പറ്റാത്തതുമാണ് (5:24, 25)

പാപം ഉടനെ വെളിപ്പെടുന്നതോ അല്ലെങ്കിൽ പിന്നീടു വെളിപ്പെടുന്നതോ ആയാലും, *നമ്മുടെ പാപങ്ങൾ പുറത്താകും എന്ന വസ്തുതയിൽ നിന്നു രക്ഷപ്പെടുവാൻ നമുക്കു കഴിയുകയില്ല* (5:24; നോക്കുക സംഖ്യാപുസ്തകം 32:23). ചില പാപങ്ങൾ "തികച്ചും തെളിവാകും," എന്നറിഞ്ഞുകൊണ്ട് നാം ശേഖരിക്കുന്ന വസ്തുതകൾ, പരിശോധിക്കുകയും, ധൃതി പിടിച്ചുള്ള പ്രവർത്തനങ്ങളും തീരുമാനങ്ങളും ഒഴിവാക്കുകയും വേണം (5:22). എല്ലാം - കാണുന്ന ദൈവമുൻപാകെ നാം "മറച്ചു - പിടിച്ചു ചെയ്യുവാൻ" ശ്രമിക്കുന്നത് ദൈവം വിലക്കിയിരിക്കുന്നു (എബ്രായർ 4:12, 13) അത് എങ്ങനെയായാലും വെളിപ്പെടുമെന്നതുകൊണ്ട് സഹോദരന്മാരെ വൃണപ്പെടുത്തുകയും ചെയ്യും (5:25).

പാപം ചെയ്യുന്നതിനുള്ള ആവേശം ഈ അദ്ധ്യായത്തിൽ ഉടനീളം കാണുന്നുണ്ട് (5:6, 11-13, 20-22). പാപം എവിടെ കാണുന്നുവോ, അവിടെ നാം യോസേഫിനെ പോലെ ചിന്തിക്കുകയും (ഉല്പത്തി 39:9) സങ്കീർത്തനക്കാരനെ പോലെ പ്രാർത്ഥിക്കയും വേണം (സങ്കീർത്തനങ്ങൾ 19:12-14) എന്നാണ് പൗലൊസിന്റെ പാഠം, ചുരുക്കത്തിൽ, നൽകുന്നത്.

## പാഠം 17: ദാസന്മാരോടും യജമാനന്മാരോടും ഉള്ള പരിഗണന (6:1, 2)

ക്രിസ്ത്യാനിത്വത്തിനു ഏതൊരു സംസ്ക്കാരത്തിലേക്കും ഇറങ്ങി ചെല്ലുവാനും വ്യത്യസ്തമായ വ്യക്തിത്വങ്ങളെ സന്തോഷകരമായ പ്രാവർത്തിക ബന്ധത്തിൽ കൂട്ടിച്ചേർക്കുവാനും കഴിയും (ഗലാത്യർ 3:26-28). ഒന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനിത്വം നേരിട്ട ഏറ്റവും വലിയ പരീക്ഷണങ്ങളിൽ ഒന്നായിരുന്നു ആധിപത്യത്തോടെയുള്ള അടിമത്വ പരിശീലനം. ക്രിസ്ത്യാനികൾക്കു ഈ മേഖലയിലും പ്രശംസനീയമായി ജീവിക്കുവാൻ കഴിയുമെന്നു പൗലൊസ് വരച്ചു കാണിച്ചിരിക്കുന്നു.

## പ്രതികരണം

ദാസന്മാർ "തങ്ങളുടെ യജമാനന്മാരെ സകലമാനത്തിനും യോഗ്യന്മാർ എന്നു എണ്ണേണ്ടതാകുന്നു" (6:1). ഇവിടെ വീണ്ടും "മാനം"[42] എന്ന വാക്കു കാണുന്നു (5:3, 17). ഇവിടെ മാനിക്കുക എന്നു പറഞ്ഞിരിക്കുന്നതു "മറ്റുള്ളവരെ തരം താഴ്ത്തിയിരിക്കുന്നവരെയാണ്." എങ്ങനെയാണ് ആ മാനം കാണിക്കേണ്ടതെന്നും അതിൽ എന്താണ് അടങ്ങിയിരിക്കുന്നതെന്നും എഫെസ്യർ 6:5–8 ചൂണ്ടിക്കാണിക്കുന്നു. ഇവിടെയാണ് രണ്ടു – മൈൽ പോകുന്നതു സംഭവിക്കുന്നത് (നോക്കുക മത്തായി 5:38–42), അവിടെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയോ നിയന്ത്രണങ്ങളോ എന്തായാലും അവയ്ക്കും അപ്പുറത്താണ് ഒരാളുടെ കർത്താവിന്റെ നിയമത്തോടുള്ള സമർപ്പണം. ഇത്തരം സേവനം മനോഹരമാണ്. ക്രിസ്തുവിനെ പോലെ ശുശ്രൂഷ നടത്തേണ്ട ആൾ അല്ലെങ്കിൽ ദൈവ ഭക്തിയോടെ പ്രവർത്തിക്കേണ്ട ആൾ അയാളോടു ആവശ്യപ്പെട്ട*തിലും കൂടുതൽ* ചെയ്യുകയാണെങ്കിൽ അതിൽ സംശയിക്കുവാനില്ല (റോമർ 12:20, 21).

## കാരണം

രണ്ടു – മൈൽ നടക്കുന്ന സേവനം വചനത്തിൽ പറഞ്ഞിരിക്കുന്നതു ന്യായമായതാണ്. നാം അങ്ങനെ പ്രവർത്തിച്ചാൽ "ദൈവ നാമത്തെയും നമ്മുടെ ഉപദേശത്തെയും ദുഷിക്കുവാനിടയാകയില്ല."[43] ദൈവ നാമത്തിനു ദൂഷണം സംഭവിക്കാതിരിപ്പാൻ മൂന്നു വിധത്തിൽ ആളുകൾക്കു പ്രതികരിക്കാമെന്നു ബൈബിൾ പറയുന്നു. (നോക്കുക സങ്കീർത്തനങ്ങൾ 74:18–23.)

ദൈവ നാമത്തിനും നമ്മുടെ ഉപദേശത്തിനും അനാദരവു വരുത്തുവാൻ നമ്മുടെ നടപ്പിനാൽ കഴിയും എന്നറിയുക. ദൈവം നമ്മെ അവനോടൊപ്പം കൂട്ടുവേലക്കാരായി പ്രവർത്തിക്കുവാൻ അനുവദിക്കുമ്പോൾ അത് അവനു മഹത്വം കരേറ്റുവാനാണ് (1 കൊരിന്ത്യർ 3:9; മത്തായി 5:16; 1 തിമൊഥെയൊസ് 2:1–4; 4:12–15) അങ്ങനെ നാം നമ്മുടെ ഉപദേശത്തിനു ആദരവു വരുത്തും (തിത്തൊസ് 2:10).

## പ്രതിഫലങ്ങൾ

ദൈവം ന്യായമായി ആവശ്യപ്പെടുന്നതു നാം പ്രവൃത്തിയിൽ കൊണ്ടുവന്നാൽ സാമൂഹ്യരംഗത്ത് അത്ഭുതങ്ങൾ നടക്കും. ഒരു ദാസൻ അഥവാ അടിമ വിശ്വാസിയായ തന്റെ യജമാനനോടു അനാദരവു[44] കാണിക്കരുത്. അവർ ക്രിസ്തുവിലായതുകൊണ്ടു, തങ്ങൾക്കുവേണ്ടി ജീവൻ നല്കിയവന്റെ ഉപകാരങ്ങൾ[45] അന്യോന്യം പങ്കിടണം (2 കൊരിന്ത്യർ 5:14, 15; ഫിലെമോൻ 15–20).

ബാർക്ക്ലേയുടെ ഈ വാക്കുകൾ ശ്രദ്ധിച്ചാൽ പൗലൊസ് പറഞ്ഞതിന്റെ പ്രായോഗിക പ്രാധാന്യം കൂടുതൽ വ്യക്തമാകും:

> റോമാ സാമ്രാജ്യത്തിൽ ഏതാണ്ടു 60,000,000 അടിമകൾ ഉണ്ടായിരുന്നു. അവരുടെ സംഖ്യാബലം മാത്രം കണക്കാക്കി അവരെ ശക്ത

മായ ശത്രുക്കൾ എന്നു കണക്കാക്കിയിരുന്നു. അടിമകൾ എപ്പോഴെങ്കിലും ഒരു ലഹള ഉണ്ടാക്കിയാൽ ദയയില്ലാതെ ശക്തമായി അവരെ അടിച്ചമർത്തിയിരുന്നു, കാരണം അടിമകൾ തലപൊക്കുന്നതു റോമാ സാമ്രാജ്യത്തിനു സഹിക്കാവുന്നതല്ല. ഒരു അടിമ ഓടി പോകയും, പിടിക്കപ്പെടുകയും ചെയ്താൽ അവനെ തൂക്കി കൊല്ലുകയോ അവന്റെ നെറ്റിയിൽ എഫ് എന്ന അക്ഷരം അടയാളപ്പെടുത്തുകയോ ചെയ്യും, അതു *ഫുജിറ്റിവസ്* എന്നു സൂചിപ്പിക്കുന്നതാണ്, അർത്ഥം *ഓടി പോയ* എന്നാണ്.... ഈ. കെ. സിംസൺ ഇപ്രകാരം എഴുതുന്നു: "ക്രിസ്ത്യാനിത്വത്തിന്റെ ആത്മിയ സംഘടിത പ്രവർത്തനങ്ങൾക്കു വിട്ടു വീഴ്ച്ച വരുത്തിയത് ഇളകി മറിഞ്ഞ അടിമത്വമാണ്, അല്ലെങ്കിൽ ഒളിച്ചോടപ്പെട്ട അടിമകളുടെ അഭയസ്ഥാന കേന്ദ്രമായി തീർന്നിരുന്നു ക്രിസ്ത്യാനിത്വം എന്നതാണ്." അടിമകൾ തങ്ങളുടെ യജമാനന്മാർക്കെതിരെ ലഹള കൂട്ടുന്നതിനെ സഭ പ്രോത്സാഹിപ്പിച്ചാൽ അതു വിനാശകരമാകും. അതു ആഭ്യന്തര യുദ്ധത്തിനും, കൂട്ടക്കൊലയ്ക്കും സഭയെ മൊത്തത്തിൽ അപകീർത്തിപ്പെടുത്തുന്നതിനും ഇടയാക്കും.[46]

വില്യം ബാർക്ക്ലേയും ഈ.കെ. സിംസണും പറഞ്ഞതനുസരിച്ചു കുഴപ്പങ്ങൾ ഉണ്ടാകാമെന്നതിനെതിരായി, തിരുവെഴുത്തിന്റെ സഹായത്താൽ സാമൂഹ്യ രംഗങ്ങളിൽ പൊതുവിൽ കാണപ്പെടുന്ന ദുഷ്പ്രയോഗങ്ങൾ ദൂരീകരിക്കുന്നതിനു മനോഹരമായ മാതൃക പൗലൊസ് നല്കുന്നുണ്ട്. "വ്യവസ്ഥയെ കുറ്റപ്പെടുത്തുവാൻ," ശ്രമിക്കുന്നതിനു പകരം ഏതു വ്യവസ്ഥയിലുള്ള ആളുകളെയും ദൈവിക തത്വങ്ങൾ മാറ്റം വരുത്തുന്നു, അതിനോടു പറ്റിച്ചേർന്നാൽ, അത് പ്രാവർത്തികവും ജീവിക്കുവാൻ സഹായിക്കുന്നതുമായ ബന്ധമായിതീരും. ദാസ്യ - യജമാന ബന്ധം പോലും രണ്ടു കൂട്ടരും ദൈവിക സ്വഭാവത്തിൽ[47] ജീവിച്ചാൽ സഹിക്കാവുന്നതും ഫലപ്രദവുമായിരിക്കും. *എല്ലാവരുടേയും രക്ഷകനു പാദസേവ ചെയ്യുവാൻ ആരെങ്കിലും ദാസ്യപ്പെടുത്തിയിട്ടുണ്ടോ?*

### ചുരുക്കത്തിൽ

പ്രായ വ്യത്യാസം, ബന്ധങ്ങൾ, ചുമതലകൾ, സാമൂഹ്യ സമ്മർദ്ദങ്ങൾ, അതിന്റെ രീതി, ആത്മിയ സേവനം, പാപത്തിന്റെ വഞ്ചന, എന്നിവയിലെല്ലാം എത്ര മനോഹര സന്ദേശമാണ് പൗലൊസ് 5:1–6:2 വരെയുള്ള വേദഭാഗത്തു നല്കിയിരിക്കുന്നത്! അവയിൽ കൂടെ എല്ലാം, പൗലൊസിന്റെ ദൈവശ്വാസിയ രചന, സഹോദരങ്ങളെ എല്ലാ തലത്തിലും നിലയിലും ഉള്ള മാനുഷ്യ ബന്ധങ്ങളെ വെല്ലുവിളിക്കേണ്ടതിനും, മൃദുവായി, കൂട്ടിച്ചേർത്ത് വളർത്തേണ്ടതിനും യജമാനത്വ രീതിയിൽ നീങ്ങുന്നു!

---

കുറിപ്പുകൾ

[1]ഈ ഭാഗത്ത് ഉൾപ്പെടുത്തിയ 1 തിമൊഥെയൊസ് 6:1, 2 പ്രായോഗിക ബാഹ്യ

രൂപരേഖ വിഭജിക്കുന്നതിനു കൂടുതൽ സഹായിക്കും എന്നു തോന്നുന്നു. അദ്ധ്യായം 5 ലെ ബന്ധങ്ങളിൽ അദ്ധ്യായം 6 ലെ ആ രണ്ടു വാക്യങ്ങളെ ചിന്തയിൽ ഉൾപ്പെടുത്തുന്നതായി തോന്നുന്നു. [2]യുവാക്കൾ ആവേശത്തോടെ, പെട്ടെന്നു എടുത്തു ചാടുകയും, അക്ഷമരാകുകയും ചെയ്യും. അവരെ നിയന്ത്രിക്കുന്നതിനു പ്രായമായ ചിലർ വേണം, എന്നാൽ അതു കുട്ടികളെ ശിക്ഷിക്കുന്നതുപോലെയോ മോശമായ രീതിയിലോ അല്ല മറിച്ച് സ്നേഹാഭ്യർത്ഥനയാലാണ് ചെയ്യേണ്ടത്. [3]തർജ്ജനം (ഗ്രീക്ക്.: *എപ്പിപ്ലെസോ*) – “തല്ലുക, അടിക്കുക ... വാക്കുകളാൽ ശിക്ഷിക്കുക, ...” (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 241). [4]അഭ്യർത്ഥിക്ക (ഗ്രീക്ക്.: *പാരക്കലെയോ*) – “യാചിക്കുക, പ്രബോധിപ്പിക്കുക, അഭ്യർത്ഥിക്കുക, സമാശ്വസിപ്പിക്കുക, ആശ്വസിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, നിർദ്ദേശിക്കുക” (തേയർ, 482–83). [5]“സിസേരോ എഴുതി, ‘അതാണ്, പിന്നെ, മൂപ്പന്മാരുടെ ഏറ്റവും നല്ല അംഗീകാരം ലഭിക്കുന്നതിനു അവരോടു ഏറ്റവും അടുത്തു, ആദരവു കാണിക്കേണ്ടത് യുവാക്കളുടെ കടമയും, അത് അവരുടെ ആലോചനയുടെയും സ്വാധീനത്തിന്റെയും പ്രയോജനം ലഭിക്കേണ്ടതിനുമാണ് ...’ (സിസേരോ, *ഡീ ഒഫിസിയിസ്*, 1:34. ... ഒരു നെടുവീർപോടെ ഒരു ഫ്രെഞ്ചു പദപ്രയോഗം പറയുന്നു: ‘യുവാക്കൾക്ക് ജ്ഞാനവും, പ്രായമായവർക്ക് ശക്തിയും ഉണ്ടായിരുന്നെങ്കിൽ.’ എന്നാൽ അവർക്കു പരസ്പര ബഹുമാനം ഉണ്ടെങ്കിൽ ... പിന്നെ പ്രായമായവരുടെ അനുഭവവും ജ്ഞാനവും ... യുവാക്കളുടെ ശക്തിയും സാഹസികതയുമായി സംയോജിപ്പിക്കുമ്പോൾ, രണ്ടിന്റേയും ഗുണം ലഭിക്കുന്നു” (വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. [ഫിലഡെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960], 120). (നോക്കുക ഫിലിപ്പിയർ 2:22.) [6]ഏതൊരു ക്രിസ്ത്യാനിയും, പ്രത്യേകിച്ചു ഓരോ ഉപദേഷ്ടാവും, വായിച്ചിരിക്കേണ്ട ഒന്നാണ് “ദ വാർ വിതിൻ, ആൻ അനാട്ടമി ഓഫ് ലസ്റ്റ്,” *ലീഡർഷിപ്പ് മാഗസിൻ* (ഫാൾ ക്വാർട്ടർ, 1982): 30–48. [7]വില്യം ഹെൻഡ്രിക്സെൻ, *ഏ കമെന്ററി ഓൺ 1 & 2 തിമൊഥി & ടൈറ്റസ്* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 166. [8]നിർമ്മലം (ഗ്രീക്ക്.: *ഹാഗ്നോസ്*) – “വിശുദ്ധമായ ... നിർമ്മലമായ (പാപത്തിൽ നിന്നും), 1 തിമൊ. 5:22 ... നിരപരാധി ...” (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അതർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2 ഡി എഡി., റെവ. വില്യം എഫ്. ആണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 11–12). [9]നോക്കുക ഉല്പത്തി 39:1–12; 2 കൊരിന്ത്യർ 8:20, 21; 1 കൊരിന്ത്യർ 10:31–33; മത്തായി 5:27, 28; 1 തെസലൊനികൃർ 4:3–7; ശ്രദ്ധിച്ചു വായിക്കുക സദൃശവാക്യങ്ങൾ 7:6–27; 6:20–35; 9:13–18. [10]മാനം (ഗ്രീക്ക്.: *ടൈം*) – “... വിലയിരുത്തൽ, യോഗ്യതയുള്ള, വില കണക്കാക്കൽ ... നില, പ്രഭാവം ... അനുകൂലം” (എഡ്വേർഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 721); ബഹുമാനം “ഒരാളോടു പ്രകടിപ്പിക്കുന്നത് ... മറ്റുള്ളവരെ ശ്രേഷ്ഠരെന്നു കണക്കാക്കൽ, ...” (തേയർ, 624).

[11]ഭക്തിയുള്ള (ഗ്രീക്ക്.: *യൂസേബെയോ*) – "ആദരിക്കുക, ആരാധിക്കുക, ... രക്ഷകർത്താക്കളെ, ബഹുമാനിക്കുക, ആദരിക്കുക" (റോബിൻസൺ, 307). [12]തിരിച്ചുകൊടുക്കൽ (ഗ്രീക്ക്.: *അപോഡിഡോമി*) – "വിടുവിക്കുക, [വിട്ടു കളയുക] തന്റേതായ ഒന്ന് ... കൊടുത്തു തീർക്കുക, കടമയുള്ളതു, കൊടുത്തു തീർക്കുക ... നന്ദിയോടെ [മടക്കി കൊടുക്കുക]" (തേയർ, 61). [13]ബാർക്ക്ലേ, 124. [14]നോക്കുക പുറപ്പാട് 22:22; ആവർത്തന പുസ്തകം 10:17–19; 24:19–21; 26:12; 27:19; സെഖര്യാവു 7:9, 10; മലാഖി 3:5; പ്രവൃത്തികൾ 6:1–6; യാക്കൊബ് 1:27. [15]ബാർക്ക്ലേ, 125. [16]തനിച്ചു വിടുക (ഗ്രീക്ക്.: *മോനു*) – "ഒറ്റക്ക് അല്ലെങ്കിൽ ഏകാന്തമായി; ... മക്കൾ ഇല്ലാതെ" (തേയർ, 418). ഈ പദപ്രയോഗം ("ഡിസൊലേറ്റ്"; ഏഎസ്‌വി) "സാക്ഷാൽ ഉള്ള വിധവ" എന്നതിന്റെ പ്രാധാന്യം അതാണ്. സഭ നമ്മുടെ ആവശ്യങ്ങൾ പരിഗണിച്ചില്ലെങ്കിലും, ദൈവം കരുതും എന്നാണ് പൗലൊസ് പറയുന്നത്. അതുകൊണ്ട്, വിധവ തന്റെ സകല വിചാരങ്ങളും ദൈവത്തിൽ ഏല്പിക്കണം (1 പത്രൊസ് 5:6, 7; മത്തായി 6:25–34). [17]സുഖഭോഗം (ഗ്രീക്ക്.: *സ്പാറ്റലായോ*) – "... ഡംഭോടെ ജീവിക്കുക, ആഡംബരമായി ... മോടിയോടെ ജീവിക്കുക, ..." (തേയർ, 585). [18]മാർവിൻ ആർ. വിൻസെന്റ്, *വേഡ് സ്റ്റഡീസ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്*, വാല്യം 4 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1957), 260. [19]ആക്കാം [അവളെ] ലിസ്റ്റിൽ പെടുത്താം (ഗ്രീക്ക്.: *കാറ്റാലെഗോ*) – "... ഒരു റെജിസ്റ്ററിൽ ചേർക്കുക, പേർ ചേർക്കുക (പ്രത്യേകിച്ചു പടയാളികളെ; ...): അങ്ങനെ യുള്ള വിധവമാർക്ക് സഭയിൽ പ്രമുഖ സ്ഥാനം ഉണ്ട് ..., പൊതുവായ ഖജനാവിൽ നിന്നു വിധവമാരെയും അനാഥരെയും സാമ്പത്തിക സഹായം നൽകണം" (തേയർ, 333). [20]വിൻസെന്റ്, 261.

[21]"അവൾക്ക് ഉണ്ടെങ്കിൽ" എന്ന വാക്യം 10 ലെ പിരിവ് ശ്രദ്ധിക്കുക. ഗ്രീക്കിൽ "എങ്കിൽ" എന്നത് *ഏയ്* എന്നതുകൂടാതെ ഇൻഡിക്കേറ്റിവ് ആണ്. മറ്റു സ്ഥലങ്ങളിൽ "എങ്കിൽ" എന്നത് അനുബന്ധവുമായി ചേർന്നിരിക്കുന്ന *ഈൻ*, അതു വ്യക്തമാക്കുന്നത് നിർണ്ണയിക്കപ്പെട്ട നിബന്ധന നിറവേറിയില്ല എന്നാണ്, അതിനു വിപരീതമായിട്ടാണ് "നിർണ്ണയിക്കപ്പെട്ട നിബന്ധന നിറവേറി" എന്നു ഡബ്ലിയു. എച്ച്. ഡേവിഡ് ചൂണ്ടി കാണിച്ചത്. മത്തായി 4:3, 9 ലെ "എങ്കിൽ" എന്നതിന്റെ ഉപയോഗം ശ്രദ്ധിക്കുക, അവിടെ യേശുവിനെ പരീക്ഷിക്കുവാൻ പിശാച് രണ്ടു രൂപവും ഉപയോഗിച്ചിരിക്കുന്നു. വാക്യം 3-ൽ പിശാച് ഉപയോഗിച്ചത് *ഏയി* പ്ലസ് ദ ഇൻഡിക്കേറ്റിവ് ആണ്, അതു പറഞ്ഞതു, "നീ ദൈവപുത്രൻ ആകയാൽ, കല്പിക്ക ..." (ഡബ്ലിയു. എച്ച്. ഡേവിഡ്, *ബിഗിനേഴ്സ് ഗ്രാമർ ഓഫ് ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1923], 68, 88). ആ വിധവ ആ കാര്യങ്ങൾ ചെയ്തിട്ടുണ്ട് – നിബന്ധന നിറവേറി. [22]അർപ്പിക്കുക (ഗ്രീക്ക്.: *എപ്പാക്കലോത്തിയോ*) – "... പിൻപറ്റുക അല്ലെങ്കിൽ പിന്നെ, അനുഗമിക്ക ... അവന്റെ മാതൃക പിൻപറ്റുക ... സകല സൽപ്രവൃത്തിയിലും അടുത്തു പിന്തുടരുക അതായത് ബീൻ സ്റ്റൂഡിയസ് ഓഫ്, ഡിവോട്ടഡ് ടു, 1 തിമൊ. 5:10" (റോബിൻസൺ, 266). ദ കെജെവി പറയുന്നു,"... അവൾ ഉത്സാഹത്തോടെ സകല സൽപ്രവൃത്തിയും പിൻപറ്റിയിരുന്നു." [23]കാമാർത്തി (ഗ്രീക്ക്.: *കാട്രാസ്ട്രെനിയോ*) – "... ലൈംഗിക വിഷയത്തിൽ ആവേശം കാണിക്കുക" (തേയർ, 337); "... ക്രിസ്തുവിൽ നിന്നകന്നു പോകുന്ന വിഷയാസക്തി" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 420). [24]വേർതിരിക്കുക (ഗ്രീക്ക്.:

*അത്തേറ്റെയോ*) – “മാറി നില്ക്കുക ... റദ്ദു ചെയ്തതായി പ്രവർത്തിക്കുക; നിയമത്താൽ അഭിപ്രായം മാറ്റി നടക്കുക അല്ലെങ്കിൽ എതിരായി പ്രവർത്തിക്കുക ... നിഷേധിക്കുക, നിരസിക്കുക, നിസ്സാരമാക്കൽ” (തേയർ, 13–14). [25]ഉറപ്പ് (ഗ്രീക്ക്.: *പിസ്റ്റിനിസ്*) – “ഏതൊന്നിന്റെയും സത്യത്തിന്റെ തീർച്ച, ... ഒരു നിശ്ചയം അല്ലെങ്കിൽ ദൈവത്തോടും ദൈവിക കാര്യങ്ങളോടും ഉള്ള മനുഷ്യ ബന്ധത്തെ ആദരിക്കുന്ന വിശ്വാസം, പൊതുവായി ആശ്രയത്തേയും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിശുദ്ധിയും” (തേയർ, 512–14). [26]ചുറ്റി നടക്കുക (ഗ്രീക്ക്.: *പെരിയെർക്കോമായി*) – “... തെണ്ടി നടക്കുക, അലഞ്ഞു തിരിയുക ... നാവികന്മാരെ പോലെ [വലയം വെക്കുക] ... വീടുകൾ തോറും കയറിയിറങ്ങും” (തേയർ, 502). [27]ദൂഷണം (ഗ്രീക്ക്.: *ഫ്ളുയിൽ* നിന്നുള്ള *ഫ്ളുവരോസ്*) – “(...‘തിളപ്പിക്കുക,’ ‘കുമിളകൾ എറിയുക’... ; കുമിളകൾ പൊള്ളയും ഉപയോഗരഹിതവുമാകയാൽ, ‘പൊള്ളയായ വാക്കുകൾ സംസാരിക്കുക’); വ്യക്തികളെ കുറിച്ചു, സംസാരിക്കുക അല്ലെങ്കിൽ നിസ്സാരമായ കാര്യങ്ങൾ ചെയ്യുക, ... അലമ്പൽ ... വൃഥാ, വാചകമടിക്കുക” (തേയർ, 655). [28]തിരക്കുള്ളവരായിരിക്കുക (ഗ്രീക്ക്.: *പെരിയർഗോസ്*) – “നിസ്സാരമായ കാര്യങ്ങളിൽ തിരക്കുള്ളവരായി പ്രധാനപ്പെട്ട കാര്യങ്ങൾ അവർ അവഗണിക്കും, പ്രത്യേകിച്ചു അവർ മറ്റുള്ളവരുടെ കാര്യങ്ങളിലാണ് തിരക്കുള്ളവരാകുന്നത് ...” (തേയർ, 502). [29]നിരപവാദ്യൻ (ഗ്രീക്ക്.: *ലോയിഡോയിരിയ*) – “... വാക്കുകൾ ദുരുപയോഗിക്കുക, ...”; വിധവ “വിരോധിക്കു അപവാദം പറയുവാൻ അവസരം കൊടുക്കാതിരിക്കുക” (ആംണ്ട് ആന്റ് ജിംജ്റിച്ച്, 480). [30]ഭരിക്കുക (ഗ്രീക്ക്.: *പ്രോയിസ്റ്റെമി*) – “... വെക്കുക അല്ലെങ്കിൽ മുമ്പിൽ വെക്കുക; നയിക്കുക ... , മറ്റുള്ളവരെ നയിച്ചുകൊണ്ടു പോകുക ... സംരക്ഷകൻ അല്ലെങ്കിൽ ഗാർഡിയൻ ആകുക; സഹായം നല്കുക ... കരുതുക, ശ്രദ്ധിക്കുക” (തേയർ, 539–40); “... ഉത്സാഹിക്കുക, പരിശീലിക്കുക, നിലനിർത്തിക്കൊണ്ടു പോവുക” (റോബിൻസൺ, 620).

[31]കഠിനാദ്ധ്വാനം (ഗ്രീക്ക്.: *കോപിയാവോ*) – “... ക്ഷീണിതനാകുക, തളരുക, അവശനാവുക (അദ്ധ്വാനത്താൽ അല്ലെങ്കിൽ ഭാരത്താൽ അഥവാ ദുഃഖത്താൽ): ... ഉപദേഷ്ടാക്കന്മാരുടെ ദൈവരാജ്യം പ്രസംഗിക്കുന്ന പ്രയത്നമുള്ള വേല ... 1 തിമൊ. 5:17 ... 1 തെസ. 5:12 ... 1 തിമൊ. 4:10 ...” (തേയർ, 355). [32]ഗ്രീക്കിലെ *ലോഗോ* എന്ന പദത്തിന്റെ തർജ്ജിമയായ “പ്രസംഗിക്കുക” എന്നതു (“വചനം”; കെജെവി) കൊലൊസ്യർ 3:17 ലേയും; 1 തിമൊഥെയൊസ് 4:12 ലേയും; യാക്കൊബ് 3:2 ലേയും പോലെതന്നെയാണ് ഇവിടെയും. “ആർട്ടിക്കിൾ ഒഴിവാക്കിയതു ... കോൺസ്റ്റന്റ് പദപ്രയോഗമായ *വചനം സംസാരിക്കുക* അല്ലെങ്കിൽ *വചനം* അഥവാ *ദൈവവചനം പ്രസംഗിക്ക,* എന്നതിനെ സൂചിപ്പിക്കുന്നതാണോ എന്നു സ്പഷ്ടമല്ല” (ഡബ്ലിയു. റോബെർട്ട്സൺ നിക്കോൾ, *ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, വാല്യം 4 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1961), 134. [33]യോഗ്യം (ഗ്രീക്ക്.: *ആക്സിയോസ്*) – “... ഘനം ഉള്ള, വിലയുള്ള ... വിലയെ കുറിച്ചു സംസാരിക്കുക, വില ... ഏതെങ്കിലും ഒന്നുമായി താരതമ്യം ചെയ്യുവാൻ യോഗ്യമായത് ... അർഹിക്കുന്ന ... പറ്റിയ, യോജിച്ച ... ഉചിതമായ” (റോബിൻസൺ, 66). [34]വാക്യം 3-ൽ ഉപയോഗിച്ച *കാലം* എന്നതു “മാനത്തെ” സൂചിപ്പിക്കുന്നു, ഇവിടെ ഒഴിച്ചു മൂപ്പന്മാർ *ഇരട്ടി*മാനത്തിനു യോഗ്യരാണ്. [35]ഡോൺ ഡിവെൽറ്റ്, *പോൾസ് ലെറ്റേഴ്സ് ടു തിമൊഥി ആന്റ് ടൈറ്റസ്* (ജോപ്ലിൻ, മോ.: കോളേജ് പ്രെസ്,

1961), 105. [36]എച്ച്. ഈ. ഡാന ആന്റ് ജെ. ആർ. മാന്റേ, *ഏ മാനുവൽ ഗ്രാമർ ഓഫ് ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: മാക്ക്മില്ലൻ കമ്പനി., 1948), 230. [37]*ശാസിക്ക* (ഗ്രീക്ക്.: *എലെഗ്ക്കോ*) – "... ബോധ്യം വരുത്തുക, ശാസിക്കുക, ഖണ്ഡിക്കുക, പൊതുവിൽ ബോധ്യപ്പെടുന്ന ആൾക്ക് ലജ്ജയുണ്ടാകുന്ന നിർദ്ദേശങ്ങൾ നല്കുക ... ഒരാളെ പ്രകാശത്തിലേക്കു കൊണ്ടുവരിക, പുറത്തുകൊണ്ടുവരിക ... ക്രിസ്ത്യാനിത്വത്തിനെതിരെയുള്ള ദുരുപദേഷ്ടാക്കളെ പുറത്തു കൊണ്ടുവരിക, തിത്തൊസ് 1:9, 13 ... കുറ്റം കണ്ടെത്തുക, തിരുത്തുക; ... വാക്കുകൾ കൊണ്ടു കഠിനമായി തിരുത്തുക, ... ഉദ്ബോധിപ്പിക്കുക, തർജ്ജനം ചെയ്യുക ... കണക്കു ബോധ്യമാക്കുക, ഒരാളുടെ തെറ്റു കാണിച്ചു കൊടുക്കുക; വിശദീകരണം ആവശ്യപ്പെടുക" (തേയർ, 202–3). [38]എടുത്തുചാട്ടക്കാരൻ (ഗ്രീക്ക്.: *പ്രൊക്രിമാ*) – "... വസ്തുതകൾ അറിയുന്നതിനു മുൻപു സംസാരിക്കുക, മുൻവിധി, ദുരഭിമാനം" (തേയർ, 540). [39]"നിയമിക്കുക" എന്ന വാക്ക് (*കെയറോൺടോണെയോ* എന്ന ഗ്രീക്കുവാക്കിൽ നിന്നുള്ളത്) പ്രവൃത്തികൾ 14:23–ൽ അർത്ഥമാക്കുന്നത് നിയമിക്കുക അല്ലെങ്കിൽ കൈനീട്ടി തിരഞ്ഞെടുക്കുക എന്നാണ് (തേയർ, 668). [40]*ഏ റീ – ഇവാലുവേഷൻ ഓഫ് ദ എൽഡർഷിപ്പ്* ബൈ ഡെയിറ്റൻ കെസി (അബിലിൻ, ടെക്സ്.: ക്വാളിറ്റി പബ്ളിക്കേഷൻസ്, 1967, 57–63) നിയമിക്കലിനെ കുറിച്ചും "കൈ വെപ്പിനെ" കുറിച്ചും പൂർണ്ണമായുള്ള വിവരം നൽകുന്നു.

[41]സൂക്ഷിക്കുക (ഗ്രീക്ക്.: *ടെറെയി* എന്നതു *ടെറെയോയുടെ* വർത്തമാന കാല, ഇംപരേറ്റിവ്, ആക്ടീവ് ആണ്) – "മേൽനോട്ടം നടത്തുക, സൂക്ഷിക്കുക ... പിടിക്കുക, സംരക്ഷിക്കുക, കേടുകൂടാതെ നോക്കുക, സുരക്ഷിതമാക്കുക, ... ശ്രദ്ധിക്കുക, നിറവേറ്റുക, ശ്രദ്ധ നൽകുക ... എന്റെ പ്രവൃത്തികൾ ഹൃദിസ്ഥമാക്കുന്നവൻ" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 822–83). [42]മാനം (ഗ്രീക്ക്.: *ടൈം*) – തേയറുടെ നിർവ്വചനത്തിന്റെ ഭാഗമായി പ്രത്യേകിച്ച് ഇവിടെ പറയുന്നത് "മറ്റുള്ളവരെ താഴ്ത്തിയിട്ടിരിക്കുന്നവരെ മാനിക്കുക ... 1 തിമൊ. 1:17; 6:16 ... ഒരാളുടെ റാങ്ക് അനുസരിച്ചോ വഹിക്കുന്ന സ്ഥാനം നോക്കിയോ ലഭിക്കുന്ന ആദരവ്, എബ്രാ. 5:4" (624). [43]എതിർ പറയുക (ഗ്രീക്ക്.: *ബ്ലാസ്ഫെമിയോ*) – "... ദോഷമായി സംസാരിക്കുക, ... പരദൂഷണം, അപവാദം പറയുക" (റോബിൻസൺ, 128). നോക്കുക 2 തിമൊഥെയൊസ് 2:20, 21; യെഹെസ്ക്കേൽ 20:24–27; തിത്തൊസ് 2:5; 2 ശമുവേൽ 11:4, 5, 14–17; 12:13, 14. [44]അനാദരവു (ഗ്രീക്ക്.: *കാറ്റാഫ്രോണെയോ*) – "... തരം താഴ്ത്തി ചിന്തിക്കുക, ... ആരെയെങ്കിലും തരം താഴ്ന്നതായി കാണുക, നിസ്സാരമായി ചിന്തിക്കുക, നിന്ദിക്കുക ... ഉപേക്ഷിക്കുക, ശ്രദ്ധിക്കാതിരിക്കുക, ... 1 തിമൊ. 6:2" (റോബിൻസൺ, 390). [45]ഉപകാരം (ഗ്രീക്ക്.: *ഈവർജെസിയ*) – "... നന്നായി ചെയ്യുക, നല്ല നടപ്പു ... മറ്റൊരാൾക്ക് ചെയ്യുന്ന ഉപകാരം" (റോബിൻസൺ, 302). [46]ബാർക്ക്ലേ, 141. [47]നോക്കുക 1 കൊരിന്ത്യർ 6:19, 20; റോമർ 12:1; 1 യോഹന്നാൻ 3:16, 17; ഗലാത്യർ 6:2; എഫെസ്യർ 2:8–10; ലൂക്കൊസ് 9:23.